# പഞ്ചാംഗം.

എപ്പകത്തി ൩൦ ൧൮൯൯. ഞായറാഴ്ച അക്ഷരം. ·ꦗ

## ൧൯൨൦ ഫെബ്രുവരി — ൧൦൭൪ മകരം — കുംഭം.

| | | | | |
|---|---|---|---|---|
| 1 | 19 | ശ | അ. വേദ. അഗാത്തിസ് ന. ആ. കു. വെ. | ച്യു. |
| 2 | 20 | ഞാ | ✠ ദെന. ൪–ാംഞാ. ന. കു. വെ. ·൭൩ ·൨ ·൫ | വെ. |
| | | | ☞ അടുത്തതു ആദ്യവെള്ളി. | |
| | | | മുഴൂർ, കുടമാളൂർ, പാലാ, ഇലഞ്ഞി, നരിവേലി, തൈക്കാട്ടുശേരി, പ്രധാന തിരുനാൾ. | |
| 3 | 21 | തി | അ. വേ. ബ്ലാസിയോസ് ന. ആ. കു. വെ. | ച്യു. |
| 4 | 22 | ചൊ | ✻ അ.മെ൯.അ.അന്ത്രയോസ് കൊർസിനി. ന. ആ. കു. വെ. | വെ. |
| 5 | 23 | ബു | ക. വേ. അഗസ്സാ ന. ആ. കു. വെ. | ച്യു. |
| 6 | 24 | വ്യാ | ക. വേ. ദൊറോത്തെയാ ന. ആ. കു. വെ. | ച്യു. |
| 7 | 25 | വെ | വ൭ വേ. ആബാ. റൊമുവാൽദോസ് ന. ആ. കു. വെ. | വെ. |
| 8 | 26 | ശ | ✻ മെ൯. യോഹന്നാൻ മാത്താ. ന. ആ. കു. വെ. | വെ. |
| 9 | 27 | ഞാ | ✠ ദെന. ൫–ാം ഞാ. ന. കു. ആ. ·൧൯ ·ꦗ ·2 | വ. |
| | | | ☞ അട്ടുത്ത മൂന്നുദിവ. മൂന്നുനോമ്പ് (ഇ. വി.) | |
| 10 | 28 | തി | മൂന്നു നോമ്പ് ന. കു. ആ. (ഇ. വി. | റോ. |
| | | | കുറവിലങ്ങാട്ടു. മൂന്നുനോമ്പു തുടക്കം. | |
| 11 | 29 | ചൊ | മൂന്നുനോമ്പ് ന. കു. ആ. (ഇ. വി.) | റോ. |
| 12 | 1 | ബു | മൂന്നുനോമ്പ് ന. കു. ആ. (ഇ. വി.) | റോ. |
| ◑ 13 | 2 | വ്യാ | പാ. വേ. ഹ്ഗീനോസ് (ജനു. ൧൧) ന. ആ. കു. വെ. | ച്യു. |
| 14 | 3 | വെ | പട്ട. വേ. വലന്തിനോസ് ന. ആ. കു. വെ. | ച്യു. |
| 15 | 4 | ശ | പെ൯സ്തീനോസും യൊവിന്നായും ന. ആ. കു. വെ. | ച്യു. |
| 16 | 5 | ഞാ | ✠ ൭൦–ാം ഞാ. ന. കു. ആ. 2ꦱꦱꦱꦱꦥꦺ ·ꦝ2 ·൦ ·൫ | റോ. |
| 17 | 6 | തി | മാരിയോസും ക്രു. (ജനു. ൧൯) ന. ആ. കു. വെ. | ച്യു. |
| 18 | 7 | ചൊ | അ. വേ. ശെമഓൻ. ന. ആ. കു. വെ. | ച്യു. |
| 19 | 8 | ബു | അ. വേ. പൊലിക്കാപ്പ് (ജനു. ൨൬) ന. ആ. കു. വെ. | ച്യു. |
| 20 | 9 | വ്യാ | വേ. അപ്പൊലോനിയ (ഈ൯, ൯) ന. ആ. കു. വെ. | ച്യു. |
| 21 | 10 | വെ | ✻ വേ. യോഹന്നാൻ ബ്രിത്തോ. (ഈ൯. ൧൬) ന.ആ.കു.വെ. | ച്യു. |
| 22 | 11 | ശ | സ്ലീ. പത്രോ. അന്ത്യോക്യാ സിംഹാസനം ന. ആ. കു. വെ. | വെ. |
| 23 | 12 | ഞാ | ✠ ൬൦–ാം ഞാ. ന. കു. ആ. 2ꦱꦱꦱꦱꦥꦺ ·ꦝ2 ·൯ ·2 | റോ. |
| 24 | 13 | തി | (†) സ്ലീ. മത്ത്യാ. ന. വെ. കു. വെ. | ച്യു. |
| 25 | 14 | ചൊ | ✻ ക. കഷ്ടാനുഭവം. ന. ആ. കു. വെ. | ച്യു. |
| 26 | 15 | ബു | ✻ അ. മെ൯. മ. പത്രോസ് ദമി. (ഈ൯.൨൩) ന.ആ.കു.വെ. | വെ. |
| | | | ☞ കോട്ടയം മെത്രാനച്ചൻ തിരുമനസ്സിലെ നാമകാരണത്തിന്റെ തിരുനാൾ. | |
| 27 | 16 | വ്യാ | ... ... ... ... ന. ആ. കു. ആ. | റോ. |
| ● 28 | 17 | വെ | ... ... ... ... ന. ആ. കു. ആ. | റോ. |



ലൂർദ്ദിലെ

അമലോത്ഭവ പ്രത്യക്ഷം.

(തിരുനാൾ ഫെബ്രുവരി ൧൧.)

# കർമ്മല കുസുമം.

പുസ്തകം ൨൭) ൧൯൩൦ ഫെബ്രുവരി. (ലക്കം ൨.


## ദൈവത്തിൻ മാതാവേ!

(ദിവ്യശ്രീ വടക്കയിൽ മത്തായി കത്തനാർ.)

(നൈഷധനിവൻ താനൊ മട്ട്)

പല്ലവി. ദൈവത്തിൻമാതാവെ! എൻ- കൈവല്യ വാതായനം നീയെ!

അ:പല്ലവി. ഏവം നിനസ്സുമ്പോളെൻ— ഭാവം തെളിഞ്ഞീടുന്നു;
വൈവശ്യം നീങ്ങിടുന്നു— വൈവർണ്ണ്യം മാറീടുന്നു.

ചരണങ്ങൾ.

തിന്മയാലാവൃതനാമെന്നെ— നന്മയാൽ പരിപൂരിപ്പിക്കു;
കന്മഷം സവിശേഷം നീക്കി— ട്ടെന്മനം പരിപാവനമാക്കു. 1
ക്രൂരനാം നരകാസുരസർപ്പം— ഘോരമായ് പീഡിപ്പിക്കുമ്പോൾ
വൈരമോടവനെ പായിക്കു— സൈ്വരമാം ജീവിതമേകുകമാം. 2
മരണം വരുമെന്നൊരുനേരം— ചാരവെ നീ വന്നീടണമെ;
താരമെ! പരിരക്ഷിക്കണമെ,- താരനീ വെളിവാക്കീടണമെ. 3
കന്യകാമണിമൌലെ! മരിയെ- ധന്യയെ! മിശിഹാതൻ തായെ
മാന്യമാം ബഹുനാമങ്ങൾക്കി- നർഹയെ! പാഹിമാമമ്മെ! 4

# പ്രസാധകക്കുറിപ്പുകൾ.

## ഉള്ളിലോട്ടു കടക്കണം.

കത്തോലിക്കാ തിരുസഭ ഓരോ തിരുനാളുകൾ നിശ്ചയിച്ച് അവയെ അഡംബരപൂർവ്വം കൊണ്ടാടിവരുന്നതു വിശ്വാസികളുടെ ആദ്ധ്യാത്മികോപകാരത്തേയുദ്ദേശിച്ചാകുന്നു. ആന്തരികമായ പ്രസ്തുത ഉദ്ദേശത്തെ വിസ്മരിച്ചു ബാഹ്യമായ ചടങ്ങുകൾകൊണ്ടുമാത്രം നാം തൃപ്തിപ്പെടുന്നതായാൽ അതു ക്ഷന്തവ്യമല്ലാത്ത ഒരപരാധമായിരിക്കും. പുറമേയുള്ള ആഡംബരങ്ങൾ അവശ്യമാണു; എന്നാൽ അതുമാത്രമാണു തിരുനാളുകളുടെ അന്ത്യം എന്നു കരുതി പ്രവർത്തിച്ചാൽ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളും പള്ളികളിലെ തിരുനാളുകളും തമ്മിൽ തരഭേദമില്ലാതായിത്തീരും. അകയാൽ നാം എപ്പോഴും ഉള്ളിലേയ്ക്കു കടക്കണം. ബാഹ്യമായ അഡംബരങ്ങളെല്ലാം അഭ്യന്തരമായ നിയോഗത്താൽ നിയന്ത്രിക്കപ്പെടുകതന്നെ വേണം. കാഴ്ചക്കാരായ ഇതരമതസ്ഥന്മാർക്കും ഈവാസ്തവം ബോധപ്പെട

ത്തക്കവണ്ണം നാം പ്രവൎത്തിക്കാത്തപക്ഷം നമ്മുടെ വലിയ തിരുനാളാഘോഷങ്ങളുടെ ഫലം മിക്കവാറും നിഷ്ഫലമായിത്തീരാനാണെളുപ്പമെന്നു പറയേണ്ടിയിരിക്കുന്നു.

## തുടൎന്നുപോയാൽക്കൊള്ളാം

കേരളീയ കത്തോലിക്കാ മഹാജനസഭയുടെ കഴിഞ്ഞ തവണത്തെ തിരഞ്ഞെടുപ്പു കഴിഞ്ഞതിനോടെ പുതിയ ഭാരവാഹികൾ കീഴ്നടപ്പുവിട്ടു വല്ലതും കുറേയെങ്കിലും പ്രവൎത്തിച്ചേക്കുമെന്നുള്ള ഒരു പ്രതീക്ഷ പലൎക്കുമുണ്ടായിരുന്നതാണ്. എന്നാൽ ആലുവായിൽവച്ചു ഈ ഈയിടെ നടന്ന മഹാജനസഭയുടെ അസാധാരണയോഗംവരെ പറയത്തക്കതായി ഒന്നും ചെയ്തുകണ്ടില്ല. ഏതായാലും ഇപ്പോഴെങ്കിലും ഒരുണൎച്ചയുണ്ടായിക്കാണുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കയും പ്രവൎത്തകന്മാരെ ഹാൎദ്ദമായി അഭിനന്ദിക്കയും ചെയ്യുന്നു. രൂപതതോറും ഓരോ സംഘടനാസെക്രട്ടറിമാരെ നിയമിക്കയാണു അസാധാരണ യോഗത്തിൽ ചെയ്തിട്ടുള്ള സൎവ്വപ്രധാനമായ ഒരു കൃത്യം. തദനുസരണം നിയമിതരായിട്ടുള്ള സെക്രട്ടറിമാർ അതിലേക്കു എത്രകണ്ടു പ്രാപ്തിയുള്ളവരാണെന്നു ഞങ്ങൾക്കു നിശ്ചയമില്ല. ഏതായാലും നേർവഴിക്കുള്ള ഒരു അടിയാണു ഇപ്പോൾ വച്ചിരിക്കുന്നതെന്നു ആരും സമ്മതിക്കും. തുടൎച്ചയായി ആ വഴിക്കു ശ്രമിച്ചുകൊണ്ടുപോയാൽ ഫലമുണ്ടാകാതിരിക്കയുമില്ല. അതിനു വേണ്ട സ്ഥിരോത്സാഹവും, നന്മനസ്സും, സൌകൎയ്യങ്ങളും, പ്രോത്സാഹനവും സെക്രട്ടറിമാൎക്കുണ്ടായിരുന്നാൽ മാത്രം മതി. ചേൎത്തല വച്ചു കൂടണമെന്നുദ്ദേശിക്കുന്ന അടുത്ത കോൺഗ്രസ്സിനുമുമ്പുതന്നെ ഗണ്യമായ ഒരു പുരോഗമനം ഉണ്ടായിക്കാണ്മാൻ ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

## നമ്മുടെ മിഷ്യനറിമാർ.

വേദപ്രസംഗത്തിനായി വിദേശങ്ങളിൽനിന്നു നമ്മുടെ രാജ്യത്തേക്കു വന്നിരുന്ന വൈദികരെയാണല്ലൊ ഇതേവരെ നമ്മുടെ മിഷ്യനറിമാർ എന്ന പേരിനാൽ നാം മനസ്സിലാക്കി വന്നിരുന്നതു. എന്നാൽ നമ്മുടെ രാജ്യത്തുനിന്നു അന്യരാജ്യങ്ങളിലേക്കു വേദം പ്രസംഗിക്കുന്നതിനു പുറപ്പെട്ടിട്ടുള്ളവരെയും ഈ സംജ്ഞകൊണ്ടു ഇനി നാം നിൎദ്ദേശിക്കേണ്ടിയിരിക്കുന്നു. ഈശോസഭ, കപ്പൂച്ചിൻസഭ, സലേഷ്യൻസഭ, ആദിയായ സഭകളിലും നമ്മുടെ മിഷ്യനറിമാർ വേല ചെയ്യുന്നുണ്ടെന്നു അഭിമാനപൂൎവ്വം ഇനിമേലിൽ നമുക്കു പ്രസ്താവിക്കാവുന്നതാണു. മധുര, ത്രിശ്ശിനാപ്പള്ളി, പാറ്റ്നാ, അജ്മീർ, വിശാഖപട്ടണം, മുതലായ സ്ഥലങ്ങളിൽ മാർ തോമ്മാശ്ലീഹായുടെ മക്കളായ നമ്മുടെ മിഷ്യനറിമാർ വേലയാരംഭിച്ചിട്ടുണ്ട്. ഈ പ്രസ്ഥാനം അഭിവൃദ്ധിയിൽ വരുന്നതായാൽ ഭാരതീയസഭയ്ക്കു ശോഭനമായ ഒരു ഭാവി അചിരേണ ഉണ്ടാകുന്നതാണു. ആകയാൽ യുവജനങ്ങൾ ഈ സംഗതിയിൽ ശ്രദ്ധ പതിക്കയും, വേദപ്രചാരപ്രസക്തന്മാർ ഇതിന്റെ വിജയത്തിനായി പ്രാൎത്ഥിക്കയും ചെയ്യേണ്ടതാകുന്നു.



വിശാഖപട്ടണത്തു സലേഷ്യൻ സഭയിൽ ചേൎന്ന
റവ. ബ്രദർ മാണി തറപ്പേൽ.

# സത്യവിശ്വാസം.

## I. വിശ്വാസത്തിന്റെ ആവശ്യകതയും സ്ഥിരതയും.

(റവ. ഫാദർ അലക്സാണ്ടർ സി. ഡി.)

മതവൈരികൾ സത്യവിശ്വാസത്തെ നിന്ദിക്കയും, വിശ്വാസികളെ ആക്ഷേപിക്കയും ചെയ്യുന്ന ഈ കാലത്തു സത്യവിശ്വാസത്തിന്റെ ആവശ്യകതയും സ്ഥിരതയും ഫലങ്ങളും സംബന്ധിച്ചു അല്പം പ്രസ്താവിക്കുന്നതു സന്ദർഭോചിതമെന്നു കരുതുന്നു. സത്യദൈവം ഒന്നു, അവിടുന്നു സ്ഥാപിച്ച ഏക കത്തോലിക്കാ തിരുസഭ ഒന്നു; ഈ തിരുസഭയ്ക്കു ദൈവം വെളിപ്പെടുത്തീട്ടുള്ള സകല സത്യങ്ങളെയും ഇതിന്റെ അംഗങ്ങൾ ഉറപ്പായി വിശ്വസിക്കുന്ന സത്യവിശ്വാസം ഒന്നു. ഈ സത്യവിശ്വാസത്തെപ്പററി മാത്രമെ ഇവിടെ പ്രസ്താവിക്കുന്നുള്ളു. അകത്തോലിക്കരും അക്രൈസ്തവരുമായ പല തരമതക്കാരുടെ വിശ്വാസത്തെ ഇവിടെ ഉദ്ദേശിച്ചിട്ടില്ല.

൧. സത്യവിശ്വാസത്തിന്റെ ആവശ്യകത. ദൈവം അരൂപിയാകുന്നു. മനുഷ്യൻ തന്റെ ശരീരപഞ്ചേന്ദ്രിയങ്ങൾ കൊണ്ടു അരൂപിയായ ദൈവത്തെ അറിവാനും അങ്ങേ തിരുമനസ്സിലെ നിശ്ചയങ്ങളും കല്പനകളും ഗ്രഹിപ്പാനും അശക്തനാണ്. ഒരു യജമാനന്റെ മനസ്സും ഇഷ്ടവുമെന്താണെന്നു അയാൾ വെളിപ്പെടുത്താതെ മാനുഷസ്വഭാവത്തിൽ, അവനു തുല്യനായ ഭൃത്യൻപോലും അറിയുന്നില്ല. ഈ സ്ഥിതിക്കു മാനുഷരായ നമ്മുടെ സ്രഷ്ടാവും പിതാവും ഉടയനാഥനുമായ ദൈവം തന്നെക്കുറിച്ചും തന്റെ സ്വഭാവലക്ഷണങ്ങളെക്കുറിച്ചും തനിക്കു ഇഷ്ടമായ വിധത്തിൽ നാം വിശ്വസിക്കയും പ്രവൃത്തിക്കയും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും നമുക്കു വെളിപ്പെടുത്തിയല്ലാതെ നാം തന്നെ ഊഹിച്ചു ഗ്രഹിപ്പാൻ നിവൃത്തിയില്ല. ആകയാൽ ദൈവവെളിപാടു അവശ്യമെന്നു സിദ്ധിക്കുന്നു. തെറ്റിപ്പാനും തെറ്റിക്കപ്പെടുവാനും പാടില്ലാത്ത സത്യസ്വരൂപിയും ബോധജ്ഞാനിയുമായ ദൈവത്തിന്റെ വെളിപാടിനെ, അഥവാ ദൈവം നമുക്കു അറിയിച്ചുതന്ന സത്യങ്ങളെ പൂർണ്ണമനസ്സോടെ സ്വീകരിക്കുന്നതിനും ഉറപ്പോടെ വിശ്വസിക്കുന്നതിനും മനുഷ്യരായ നമുക്കു കടമയുണ്ട്. എന്നാൽ ഇപ്രകാരമുള്ള വെളിപാടു നടന്നിട്ടുള്ളതിനെപ്പററി വിശുദ്ധ പൌലോസ് ഏബ്രായക്കാർക്കുള്ള ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "ദൈവം പണ്ടു ദീർഘദർശികൾ മൂലം നമ്മുടെ പിതാക്കന്മാരോടു പല ഭാഗമായിട്ടും പലവിധമായിട്ടും അരുളിച്ചെയ്തു; ഈ കടശിനാളുകളിൽ തന്റെ പുത്രൻമൂലം നമ്മോടു താൻ അരുളിച്ചെയ്തു" (എബ്രായക്കാർ ൧ ൧-൨). ആകയാൽ ദൈവം പണ്ടു ദീർഘദർശികൾമൂലവും കടശികാലത്തു തന്റെ ഏകപുത്രനായ നമ്മുടെ കർത്താവീശോമിശിഹാമൂലവും നമുക്കു വെളിപ്പെടുത്തീട്ടുള്ള സകല സത്യങ്ങളെയും നാം വിശ്വസിച്ചേ മതിയാവൂ; അല്ലാഞ്ഞാൽ ശിക്ഷാവിധിയിൽ പെടുകയും നശിച്ചുപോകയും ചെയ്യും തീർച്ചയാണ്. ദൈവപുത്രന്റെ തിരുവചനം തന്നെ കേട്ടാലും: "വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും" (വി മർക്കോസ് ൧൬. ൧൬.) ഈ സത്യത്തെ വിശുദ്ധ പൌലോസ് സകലർക്കും പ്രഖ്യാപനം ചെയ്യുന്നതു കണ്ടാലും; "വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ അസാദ്ധ്യമായിരിക്കുന്നു. ദൈവത്തിന്റെ പക്കൽ അണയുന്നവൻ, താൻ ഉണ്ടെന്നും, തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നവൻ അതെന്നും വിശ്വസിക്കേണ്ടിയിരിക്കുന്നു." (എബ്രായക്കാർ ൧൧. ൬). എന്നാൽ വിശ്വാസം ജീവനുള്ളതാകണമെങ്കിൽ, സൽപ്രവൃത്തികളോടു കൂടിയതായിരിക്കണം.

എന്തുകൊണ്ടെന്നാൽ വിശുദ്ധ യാക്കോബ്ശ്ലീഹാ പഠിപ്പിക്കുംപ്രകാരം: "ആത്മാവില്ലാത്ത ശരീരം ചത്തതാകുന്നതുപോലെ, പ്രവൃത്തികൂടാതെയുള്ള വിശ്വാസവും ചത്തതാകുന്നു." (വി. യാക്കോ. ൨. ൨൬.)

൨. സത്യവിശ്വാസത്തിന്റെ സ്ഥിരത സംബന്ധിച്ച പല സംഗതികൾ അറിയേണ്ടതുണ്ട്. വിശ്വാസത്തിന്റെ ഉറപ്പ്, അഥവാ വിശ്വാസം സ്ഥിരമായി ഉറച്ചുനിൽക്കുന്ന അടിസ്ഥാനം ദൈവവചനമാകുന്നു. ഇതിനാൽ "വിശ്വാസം കേൾവിയിൽ നിന്നാകുന്നു, കേൾവി ദൈവവചനത്തിൽ നിന്നാകുന്നു" (റോമാക്കാർ. ൧൦. ൧൭.) എന്നു വിശുദ്ധ പൌലോസ് പഠിപ്പിക്കുന്നു. തട്ടിപ്പാനും തട്ടിസ്സപ്പെടുവാനും പാടില്ലാത്ത സർവ്വബോധജ്ഞാനമാകുന്ന ദൈവത്തിന്റെസത്യസന്ധതയിൽ സത്യവിശ്വാസം സ്ഥിരമായി ഉറച്ചിരിക്കുന്നു. തെററിപ്പോകുവാൻ പാടുള്ള മാതാപിതാക്കന്മാരുടെയും ഗുരുക്കന്മാരുടെയും വാക്ക് നാം വിശ്വസിക്കുന്നുവെങ്കിൽ, തെററിപ്പോകുവാൻ പാടില്ലാത്ത സർവ്വനന്മസ്വരൂപി ആകുന്ന നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ വാക്ക് ഏററം ഉറപ്പായി നാം വിശ്വസിക്കേണ്ടതല്ലയൊ? എന്നാൽ ദൈവം വെളിപ്പെടുത്തീട്ടുള്ള സത്യങ്ങളൊക്കെയും എഴുതപ്പെട്ട ദൈവവചനമായ വേദപുസ്തകത്തിലും എഴുതപ്പെടാത്ത ദൈവവചനമായ പാരമ്പൎയ്യ പഠനത്തിലും അടങ്ങിയിരിക്കുന്നു. ഈ ദൈവവചനത്തെ കാത്തുസൂക്ഷിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും ഔദ്യോഗിക നിലയിൽ അധികാരത്തോടെ പഠിപ്പിക്കുന്നതിനും ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നതു കത്തോലിക്കാതിരുസഭയാകുന്നു. വിശ്വാസവിഷയത്തിലും സന്മാൎഗ്ഗവിഷയത്തിലും ഔദ്യോഗികനിലയിൽ പഠിപ്പിക്കുമ്പോൾ കത്തോലിക്കാതിരുസഭയ്ക്കുതെററിപ്പോകുവാൻ പാടില്ലാത്ത വിധത്തിൽ അപ്രമാദിത്വവരം അതിനു നൽകപ്പെട്ടിട്ടുണ്ട്. കത്തോലിക്കാ സത്യവിശ്വാസികളെല്ലാവരും ഈ തിരുസഭയുടെ പഠനത്തെ അനുസരിച്ചു വിശ്വസിക്കുന്നതിനാൽ അവരുടെ വിശ്വാസത്തിൽ യാതൊരു തെററുണ്ടാകുവാൻ മാൎഗ്ഗവുമില്ല; എന്നു മാത്രമല്ല ലോകമാസകലം നിവസിക്കുന്ന കോടാകോടി കത്തോലിക്കർ വിശ്വാസവിഷയത്തിൽ ഒരേ വായും ഒരേ നാവും മാത്രമുള്ളതുപോലെ കാണപ്പെടുകയും ചെയ്യുന്നു. അവർ സമുദായകാൎയ്യങ്ങളിലും രാഷ്ട്രീയകാൎയ്യങ്ങളിലും അഭിപ്രായവ്യത്യാസമുണ്ടായിരുന്നാലും വിശ്വാസത്തിലും പഠനത്തിലും യാതൊരു ഭിന്നതയുമില്ല. ദൈവവചനത്തെ ആശ്രയിച്ചിരിക്കുന്ന ഈ വിശ്വാസസ്ഥിരതയും യോജിപ്പും നമ്മുടെ കർത്താവിന്റെ പ്രാൎത്ഥനയാൽ സംരക്ഷിതമായിരിക്കുന്നു.

ദിവ്യരക്ഷകൻ സ്ഥാപിച്ച ഏക കത്തോലിക്കാ തിരുസഭയിൽ ഉൾപ്പെട്ടവരെല്ലാവരും സത്യവിശ്വാസത്തിൽ എപ്പോഴും ഒന്നായിതന്നെയിരിക്കുന്നതിനുവേണ്ടി ഒടുക്കത്തെ അത്താഴത്തിനു ശേഷം താൻബാവാതമ്പുരാനോടു പ്രാൎത്ഥിച്ചതുഇപ്രകാരമാകുന്നു."ഞാൻഇവൎക്കുവേണ്ടി മാത്രമല്ല,ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവൎക്കു വേണ്ടിയും അപേക്ഷിക്കുന്നു: എന്റെ പിതാവേ! നീ എന്നിലും ഞാൻ നിന്നിലും (ഒന്നായി)ഇരിക്കുന്നതു പോലെ, ഇവരെല്ലാവരുംതമ്മിൽഒന്നായിരിക്കേണമെ! (ഇതു) നീ എന്നെ അയച്ചു എന്നു ലോകം വിശ്വസിപ്പാനായിട്ടത്രെ" (യോഹ. ൧൭. ൨൦. ൨൧). സാക്ഷാൽ ഇതു ലോകം കണ്ടു വിശ്വസിക്കുന്നതും വിസ്മയിക്കുന്നതുമായ വലിയ സംഭവംഇതാകുന്നു. മററുയാതൊരു മതത്തിലും കണ്ടെത്താത്ത ജനബാഹുല്യവും വിശ്വാസൈക്യവും കത്തോലിക്കാസഭയിലുണ്ട്. ഇപ്പോൾ ഒരു മുന്തിരിവള്ളിപോലെ ഭൂഗോളത്തിന്റെ എല്ലാ ഭാഗങ്ങളിലുമായി നിവസിക്കുന്ന മുപ്പത്തഞ്ചുകോടി കത്തോലിക്കർ വിശ്വാസത്തിൽ ഒരു മനസ്സും,ഒരു നാവും, ഒരുവാക്കും മാത്രമെയുള്ളു. ഇതു ദൈവിക സ്ഥാപനത്തിന്റെ തെളിവുള്ള മുദ്രയാണ്. എന്നാൽ അകത്തോലിക്കരുടെയും അക്രൈസ്തവരുടെയും ഇടയിൽ മതസംബന്ധമായി അനേക അഭിപ്രായവ്യത്യാസങ്ങൾ കാണാവുന്നതാണ്; ഇതിനാൽ അ മതങ്ങൾ ദൈവത്താൽ സ്ഥാപിക്കപ്പെട്ടവയല്ല; മനുഷ്യരാൽ സ്ഥാപിക്കപ്പെട്ടവയാണെന്നു തെളിയുന്നുണ്ട്. (തുടരും.)

# സ്വർഗ്ഗത്തിന്റെ വാതിൽ.

(റവ. എൽ. ജെ. ചിറമേൽ. റോമാ.)

(കാർഡിനൽ ലെപ്പിസിയെ തിരുമനസ്സിലെ ഒരു പുതിയ കൃതിയിൽനിന്നു്)




മരിയമെ! തമ്പുരാന്റെ അമ്മേ! പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമെ”

മനുഷ്യന്റെ ജീവിതത്തിൽ ഏററവും പ്രാധാന്യമേറിയ വിനാഴികയെന്നു പറയാവുന്നതൊന്നുണ്ടെങ്കിൽ അതു് നിശ്ചയമായും മരണനേരമാകുന്നു. നിത്യത്വം ഈ വിനാഴികയെ ആശ്രയിച്ചിരിക്കുന്നു. നാം പ്രാർത്ഥനയിലും പ്രായശ്ചിത്ത പ്രവൃത്തികളിലും ദീർഘനാൾ ജീവിച്ചിരുന്നാലും, പുണ്യത്തിൽ ഉയർന്ന പദവിയെ പ്രാപിച്ചിരുന്നാലും, അവസാന വിനാഴികയിൽ, ഏക പാപത്താൽ മാത്രം ദൈവത്തെ ദ്രോഹിക്കുന്നതിനിടയായാൽ, ഇതെല്ലാം നിഷ്ഫലം. അതിനാൽ നാം അഭിലഷിക്കുന്ന വിധം അവസാനംവരെ നിലനില്ക്കുന്നതിന്നു് നമുക്ക് ആ അവസരത്തിൽ ദൈവത്തിന്റെ പ്രത്യേക സഹായം ആവശ്യമാകുന്നു. മാത്രമല്ല, ജീവിതകാലത്തെ പാപങ്ങളെല്ലാം വെറുപ്പോടുകൂടിയുപേക്ഷിച്ച്, യഥാർത്ഥമായ മനസ്താപ പ്രകരണത്താൽ നിത്യഭാഗ്യത്തിന്നവകാശിയായി തീരുന്നതിന്നും ഈ ഒരു വിനാഴികകൊണ്ടു് സാധിക്കുന്നു.

ഇതിനാൽതന്നെയാണ് നമ്മുടെ ബദ്ധവൈരി നമ്മെ പാപത്തിൽ വീഴിക്കുന്നതിനുള്ള അവന്റെ ശ്രമത്തെ, ആ അവസരത്തിൽ ഇരട്ടിക്കുന്നതു്. അവന്റെ കൗശലംമൂലം നാം ചെയ്തുപോയിട്ടുള്ള പാപങ്ങളുടെ നീചത്വം നമ്മുടെ കൺമുൻപാകെ കൊണ്ടുവരികയും, നിരാശയാൽ നമ്മെ നശിപ്പിക്കുന്നതിനു് ശ്രമിക്കയുമാണ് അവന്റെ നാരകീയതന്ത്രം.

മരണവേളയിൽ പള്ളിയുടെ കൂദാശകളാകുന്ന ദിവ്യൗഷധങ്ങളെയും മറിയത്തിന്റെ മാതൃരക്ഷയേയും നമുക്ക് നൽകുന്ന ദൈവത്തിന്റെ അനന്തനന്മ സ്തുതിക്കപ്പെടട്ടെ.

നമ്മുടെ രക്ഷയുടെ ശത്രുവിനെ ജയിക്കുന്നതിന്നു് പ. കന്യക മരണക്കിടക്കയിൽ നമ്മെ സഹായിക്കുന്നു. നമ്മെ നിത്യനാശത്തിൽനിന്നും സംരക്ഷിക്കുന്നതിൽ അവൾ പ്രദർശിപ്പിക്കുന്ന തീക്ഷ്ണതയും, നിഷ്കർഷയും അവളെ സ്വർഗ്ഗീയ കവാടമാക്കുന്നു.

ഈ പ്രധാനാവസരത്തിൽ എങ്ങനെയാണ് ദൈവജനനി നമ്മെ സഹായിക്കുന്നതു്? 'നിലനിൽപ്പ്' എന്നു് ത്രെന്തോസ് സൂനഹദോസ് വിളിക്കുന്ന ആ വിലതീരാത്ത സമ്മാനം നമുക്ക് നൽകുന്നതിനായി അവൾ തിരുക്കുമാരനോടപേക്ഷിക്കുന്നു. മരണവേളയിലെ മറിയത്തിന്റെ മാദ്ധ്യസ്ഥത്തിന്നൊരു പ്രത്യേകതയുണ്ടു്. നിസ്തുലമായ വിശ്വാസത്തോടും സ്നേഹത്തോടുംകൂടി തന്റെ പുത്രന്റെ മരണസമയത്തു് കുരിശിൻ ചുവട്ടിൽനിന്നു് വേദനയിൽ പങ്കുകൊണ്ട ഇവൾക്കു്, മരിക്കുന്നവരുടെ രക്ഷ ദൈവത്തിൽനിന്നു് അനായാസേന ലഭിക്കാൻ കഴിയും.

നരകവാസികളുടെ മേലുള്ള അധികാരത്താലും മറിയത്തിന്നു ഈ അവസരത്തിൽ നമ്മെ സഹായിക്കുന്നതിന്നു് സാധിക്കുന്നു. മരണക്കിടക്കയിൽ നമ്മെ പരീക്ഷിക്കുന്നതിനെത്തുന്ന പിശാചുക്കളെ ഇവൾ ഓടിക്കുകയും, പരിശുദ്ധവും നിർമ്മലവുമായ വിചാരങ്ങളെ നമ്മിൽ ഉല്പാദിപ്പിക്കുകയും ചെയ്യുന്നു. ചിലപ്പോൾ അവൾ അവളുടെ വത്സലക്ക് പ്രത്യക്ഷപ്പെടുകപോലും ചെയ്യുന്നു. എന്റെ ആത്മാവെ! അവസാന വിനാഴികയിൽ മറിയത്തിന്റെ മാദ്ധ്യസ്ഥം ലഭിക്കുന്നതിനായി,

'നന്മനിറഞ്ഞ മറിയമെ' എന്ന ജപം ചൊല്ലുന്നതിന് നീ മറന്നുപോകരുത്.

അവളുടെ മാതൃകയനുസരിച്ച് ജീവിക്കുന്നതിൽ നാമെത്രയധികം ശ്രമിക്കുന്നോ, അത്രയധികമായി, മരണവേളയിൽ അവളുടെ സഹായം നമുക്ക് സുനിശ്ചിതമാകുന്നു. വിധിയുടെ സിംഹാസനത്തിൻ മുൻപാകെ നിറുത്തപ്പെടുമ്പോൾ, നമുക്കുണ്ടായിരിക്കുന്നതിന് നാം അഗ്രഹിക്കുന്ന ആത്മസ്ഥിതി, മറിയത്തിന്റെ പുണ്യപ്രവൃത്തികളെ അനുകരിക്കുന്നതിനുള്ള ഒരു സ്ഥിരനിശ്ചയംകൊണ്ട് മരണക്കിടക്കയിൽ നമുക്കു ലഭിക്കുന്നു. ഈ അഭിലഷണീയമായ അവസ്ഥയേതാണ്? ആദ്യമായി പാപത്തോടുള്ള വെറുപ്പ്; ചാവദോഷങ്ങളുടെ മാത്രമല്ല, പാവദോഷങ്ങളുടെയും ത്യാഗം. രണ്ടാമതായി ദൈവതിരുമനസ്സിനോടുള്ള പൂൎണ്ണമായ യോജിപ്പ്. മറിയത്തിന്റെ ജീവിതത്തിൽ ഈ അവസ്ഥയാണ് നാം ദൎശിക്കുന്നത്. അവളുടെ ആത്മാവ് ഒരിക്കലും, നിസ്സാരമായ കറയാൽപോലും മലിനമായിട്ടില്ല. ദൈവഹിതത്തോടനുയോജിക്കുന്നവയല്ലാതെ അവൾക്ക് യാതൊരു വിചാരവുമുണ്ടായിട്ടില്ല. അതിനാൽ നമുക്കും ഈ ജീവിതത്തിൽ നിസ്സാരകുററങ്ങളിൽനിന്നുപോലും ഒഴിയുന്നതിന് ശ്രമിക്കാം. ദൈവഹിതത്തോട് നമ്മുടെയാഗ്രഹങ്ങളേ നിരന്തരം അനുയോജിപ്പിക്കാം. എന്നാൽ, സങ്കടകരവും ക്ഷണികവുമായ ഈ ജീവിതത്തിന്റെ അവസാനം നിത്യാനന്ദത്തിന്റെ ആരംഭമായിരിക്കുമെന്ന് നമുക്കാശിക്കാവുന്നതാണ്.

യഥേഷ്ടം വഴിതെററി നടന്നശേഷം ഉൽകൃഷ്ടസ്ഥലത്തേക്കുള്ള വാതിലിൽ എത്താമെന്ന വിചാരം അബദ്ധമാണ്. അവസാന മാനസാന്തരത്തിന്റെ അസാധാരണയനുഗ്രഹം കിട്ടുമെന്നാശിച്ചുകൊണ്ട് പുണ്യപൂൎണ്ണതയ്ക്കു ദൈവം നൽകുന്ന മാൎഗ്ഗങ്ങളെ ദുരുപയോഗിക്കുന്നത് അപകടകരമായിരിക്കും.

എന്റെ ആത്മാവേ! ദൈവാനുഗ്രഹത്തിന് പ്രതിബന്ധമായ പാപത്തിൽനിന്നോടി രക്ഷപെടുകയും, ദൈവതോന്നിപ്പുകൾക്കനുസരിച്ച് ജീവിക്കുന്നതിന് ശ്രമിക്കയും ചെയ്യു.

ഓ മറിയമേ! കുരിശിൻചുവട്ടിലെ നിശ്ചഞ്ചലതയാൽ, നീ മരിക്കുന്നവരുടെ സഹായമായിരിക്കുന്നല്ലോ. എന്റെ അവസാനവിനാഴികയിൽ എന്നെ ഉപേക്ഷിക്കരുതെയെന്ന് ഞാൻ നിന്നോടപേക്ഷിക്കുന്നു. എനിക്കപ്പോൾ നിന്റെ മാതൃരക്ഷ ലഭിക്കുന്നതിനായി, ഈ ജീവിതത്തിൽ പാപത്തോടതിയായ വെറുപ്പും ദൈവഹിതത്തിനനുസരണമായി വൎത്തിക്കുന്നതിനുള്ള അനുഗ്രഹവും നൽകണമെ. ആമ്മേൻ.

---

# "നന്മനിറഞ്ഞമറിയം,,.

(ശ്രീമാൻ ററി. വി. അഗസ്റ്റീൻ ഫെൎണാണ്ടസ്.)

('അല്ലിയെൻറും' എന്നമട്ട്.)

നന്മനിറഞ്ഞമറിയം ചിന്മയചിത്ത സംഭ്രമം
അമ്മഹിതനമസ്കാര– ത്തിന്മാഹാത്മ്യം ഓതാവതോ! (നന്മ)

ഭവ്യപരിമളമോലും ദിവ്യസൂക്തിരത്നങ്ങളാൽ
അവ്യാഹതഭാസ്സുരമും ദൈവദൂതമുഖ്യപ്രോക്തം. (നന്മ)

യാതൊന്നിനാലഹോ! ലോകം ആതങ്കനിവാരകമായ്
ശ്രീതിങ്ങിടും ആ "മംഗലവാൎത്ത"യേവം ജയിക്കുന്നു. (നന്മ)

എന്നു ദൈവദൂതഗീരാ കന്യകാരത്നംശ്രവിച്ചു
അന്നു "മർത്ത്യവീണ്ടെടുപ്പീ"മന്നിടത്തിലുദയമായ്. (നന്മ)

ആദമാദ്യന്തവിഹീന നാഥകല്പനലംഘിച്ച
ഹേതുവതിനാൽഭവിച്ച ഖേദകുലനിവാരണം. (നന്മ)

ഉർവ്വിവാസികൾക്കേവർക്കും നിർവ്വാണദംരക്ഷ സൂത്രം
ദേവലോകവാസികൾതൻ സ്തവരത്നം ഹാ! പവിത്രം. (നന്മ)

ഐഹികചിന്താതപ്തയാം ദേഹിക്കററസുധാവർഷം
ദേഹിയാമൂഷരഭൂമി- ക്കുഹിതാവിധം ഫലദം. (നന്മ)

"ദൈവവചനം മാംസമായ്," ജീവികൾജീവാധാരമായ്
ഭൂവിലുദിപ്പിച്ചമഹാ ജീവഃദഷ്ടാക്ഷരമന്ത്രം" (നന്മ)

ദൈവപുത്രനായിട്ടും ശ്രീ ഭവ്യദൻപ്രാകൃതനൻപരൻ
"ദിവ്യകാരുണ്യേ"ന നമ്മിൽ അവ്യയം വിലസാൻമൂലം. (നന്മ)

അന്തരംഗത്തിലെഴും ദു-രന്തചിന്താവശരായി
സന്തതം സന്തപിപ്പോൎക്കാ- ഹന്ത "ചിന്താനവനീതം" (നന്മ)

പാപികൾ സങ്കേതസ്ഥാനം പാപരോഗത്തിൻഭേഷജം
താപനിവാരണം സർവ്വ- വ്യാപകം വിഭവയുതം. (നന്മ)

സാരമെഴുമീജപം ഹാ! നേരേജപിക്കും ജനത്തിൽ
ചേരുംഗുണംഗ്രഹിച്ചുവാ- നോരും ഭുവാസമാശിച്ചു! (നന്മ)

തിന്മകളൊഴിയുവാനും നന്മയിൽനിലനില്പാനും
"നന്മനിറഞ്ഞമറിയം" നമ്മെയെന്നും സഹായിക്കും. (നന്മ)

# സീയന്നായിലെ മഹാ അൽഭുതം.

(റവ. ഫാദർ എജീദിയോസ് സി. ഡി.)



ജി വിതവിശുദ്ധികൊണ്ടും അത്ഭുതപ്രവൎത്തനംകൊണ്ടും സമസ്തലോകത്തിനും അറിയപ്പെട്ടവളായ വി. കത്രീനായുടെ ജന്മഭൂമിയായ സിയന്നാപട്ടണത്തേപ്പററി കേട്ടിട്ടില്ലാത്തവർ ഇന്നു ക്രിസ്തീയലോകത്തിൽഅധികംഉണ്ടെന്നുതോന്നുന്നില്ല. പ്രസ്തുത പട്ടണംടസ്കണിയിലുള്ള മൂന്നു കുന്നുകളിന്മേലാണ് സ്ഥിതിചെയ്യുന്നതു്. പരിസരപ്രദേശങ്ങളുടെ മനോഹരതയും, ദേവാലയങ്ങൾ പൂങ്കാവുകൾ, അതി കമനീയമായ ഭവനങ്ങൾആദിയായവയും ആ പട്ടണത്തിൻെറ മനോഹരതയെ പതിന്മടങ്ങു വർദ്ധിപ്പിക്കുകതന്നെ ചെയ്യുന്നു. ഇതിൻെറ ഏകദേശം മദ്ധ്യത്തിലായി ഫ്രൻസിസ്കൻസ് സഭക്കാരുടെ ഒരു ആശ്രമം സ്ഥിതി ചെയ്യുന്നുണ്ടു്. ഈ ആശ്രമദേവാലയത്തിലാണ് നമ്മുടെ പ്രതിപാദ്യവിഷയമായ അത്ഭുതസംഭവം ഇന്നും നടന്നുകൊണ്ടിരിക്കുന്നതു്.

1730—ാമാണ്ടിൽ നമ്മുടെ അമ്മയായ പരി. കന്യകമറിയത്തിൻെറ സ്വർഗ്ഗാരോഹണത്തിരുനാൾദിവസം പ്രസ്തുത ദേവാലയത്തിൽ പതിവിൽ കവിഞ്ഞു ജനങ്ങൾ വന്നുചേൎന്നു.' അവർ എല്ലാവ

രുംതന്നെ പാപസങ്കീർത്തനം കഴിച്ചു സക്രാരിയിൽ മറഞ്ഞിരിക്കുന്ന ദിവ്യരക്ഷകനെ തങ്ങളുടെ ഹൃദയത്തിൽ സ്വീകരിക്കുന്നതിനു് തയ്യാറായിട്ടാണു് എത്തിയിരുന്നതു്. പ്രഭാതത്തിൽതന്നെ നടന്ന ആ ആഘോഷമായ ദിവ്യപൂജയിൽ ഭാഗഭാക്കുകളായി എല്ലാവരും സൽപ്രസാദസ്വീകരണത്തിനുള്ള സമയം പാർത്തു അക്ഷമരായി നിന്നു. ഇതാ ആ പരിപാവനസമയം അടുത്തുവന്നു. പട്ടക്കാരൻ പൂട്ടപ്പെട്ടിരുന്ന സക്രാരിയുടെ മുൻവശത്തുണ്ടായിരുന്ന വിരികളെ മാററി. ഓ! ഭയങ്കരമേ! അവിടെ കണ്ടകാഴ്ച എത്രയോ ഹൃദയഭേദകം. സക്രാരിയുടെ പൂട്ടു പൊളിച്ചു് അകത്തുണ്ടായിരുന്ന കുസ്തോദിയേ വി. കുർബാനയോടുകൂടെ എടുത്തുകൊണ്ടു് ആരോ കടന്നുകളഞ്ഞു!! പട്ടക്കാരൻ ഭീതിയാൽ വിറച്ചുതുടങ്ങി. ജനങ്ങൾ സന്താപത്താൽ കണ്ണുനീർ വാർത്തു. ഉത്തരക്ഷണത്തിൽ ഈ ദുഃഖവാർത്ത കാട്ടുതീപോലെ നാടെങ്ങും പരന്നുകഴിഞ്ഞു. മോഷ്ടാവിനെ കണ്ടുപിടിക്കുന്നതിനായി ആബാലവൃദ്ധം തിരഞ്ഞുതുടങ്ങി. കഷ്ടം, യാതൊരു തുമ്പും കിട്ടിയില്ല. അന്വേഷണഫലമായി കുസ്തോദി മൂടിയിരുന്ന തിരശ്ശീല ഒരു ഊടുവഴിയിൽ കിടന്നുകിട്ടി. അത്രമാത്രം.

ഇങ്ങനെ ഇരിക്കെ ഒരുദിവസം പ്രഭാതത്തിൽ പ്രൊവെൻസാനോയിലുള്ള കന്യകമറിയത്തിന്റെ ദേവാലയശുശ്രൂഷകൻ, പള്ളിയിലുള്ള നേർച്ചപ്പെട്ടിയിൽ എന്തോ വെളുത്ത ഒരു സാധനം കിടക്കുന്നതായി കണ്ടുപിടിച്ചു. അദ്ദേഹം ഉടനെ ഒരു പട്ടക്കാരനെ വരുത്തി. അദ്ദേഹത്തിന്റെ പരിശോധനാഫലമായി വി. ഫ്രൻസിസ്സോസിന്റെ ദേവാലയത്തിൽനിന്നു മോഷ്ടിക്കപ്പെട്ട വി. കുർബാന അതുതന്നെയാണെന്നു മനസ്സിലാക്കിക്കൊണ്ടു പെട്ടിയുടെ ചുററും വിളക്കുകൾ കത്തിച്ചുവെയ്ക്കുന്നതിനു ശട്ടംകെട്ടിയശേഷം സംഗതി മെത്രാപ്പോലീത്തായെ അറിയിച്ചു. അദ്ദേഹം ഉടനെ ഒരു വൈദികനെ പരിശോധനക്കായി അയച്ചു. അദ്ദേഹംവന്നു പെട്ടി തുറന്നപ്പോൾ അതിലുള്ള നാണയങ്ങളുടെ ഇടയിലും പെട്ടിയുടെ വാതലിൽ ഉണ്ടായിരുന്ന ചിലന്തിവലയിലുമായി നഷ്ടപ്പെട്ട ആ തിരുഓസ്തികൾ മുഴുവനും കണ്ടെത്തി. ഉടനടി ആഘോഷമായി വി. കുർബാനയെ അൾത്താരിയിലേക്കു കൊണ്ടുപോയി പരസ്യമായി സ്ഥാപിച്ചു. പിറേറദിവസം കാലത്തേതന്നെ ഇവിടെനിന്നു ആ തിരുവസ്തു വിശുദ്ധ ഫ്രൻസീസ്സോസിന്റെ ദേവാലയത്തിലേക്കു് മാററപ്പെട്ടു. ഇതറിഞ്ഞ ഉടൻതന്നെ ജനങ്ങൾ ആഹ്ളാദഭരിതരായി ദേവാലയത്തിൽ ഓടിക്കൂടി പരിഹാരപ്രാർത്ഥനകളും മററും ചെയ്തുതുടങ്ങി. ആശ്രമത്തിലെ വൈദികർ വി. കുർബാനയെ അടക്കുന്നതിനു മനസ്സാകാതെ ആ തിരുഅപ്പത്തിനു് വല്ല വ്യത്യാസവും വരുന്നുണ്ടോ എന്നറിയുന്നതിനു വേണ്ട പരിശോധനകൾ നടത്തിക്കൊണ്ടിരുന്നു. 1780-മാണ്ടിൽ അതായതു് മോഷണം നടന്നിട്ടു 50 കൊല്ലങ്ങളുടെ ശേഷം ഫ്രൻസീസ്കൻ സഭക്കാരുടെ മിനിസ്റ്റർ ജനറാൾ പ്രസ്തുത ആശ്രമം സന്ദർശിക്കുന്നതിനു വരുകയും ആ സമയത്തും യാതൊരു വ്യത്യാസവും കൂടാതെ ആ തിരുഓസ്തികൾ ഇരിക്കുന്നതായി കാണുകയും ചെയ്തതിനാൽ, അവ ഇരുന്നിരുന്ന കുസ്തോദി മാറി അതിവിശേഷമായ വേറൊന്നിൽ സ്ഥാപിക്കുന്നതിനു് ശട്ടംകെട്ടി.

ഇതിന്റെശേഷം 1789-ൽ സിയന്നായിലെ മെത്രാപ്പോലീത്താ ജനങ്ങളുടെ ഭക്തി മൂഢഭക്തി ആകാതിരിക്കുന്നതിനും, തൻമൂലം ദിവ്യകൂദാശക്കു് അനാചാരം ഭവിക്കാതിരിക്കുന്നതിനുംവേണ്ടി ഒരു പരീക്ഷ നടത്തണമെന്നു് ഉറച്ചു് ആ തിരുഅപ്പങ്ങളെ ഓരോന്നോരോന്നായി ഭൂതക്കണ്ണാടികൊണ്ടു പരീക്ഷിച്ചുനോക്കി. അതിൽ അദ്ദേഹമാകട്ടെ, കൂടെ ഉണ്ടായിരുന്ന ശാസ്ത്രജ്ഞന്മാരാകട്ടേ കേടിന്റെ യാതോരു ലക്ഷണവും കണ്ടില്ല. അവർ കുസ്തോദി അടച്ചു മുദ്രവെച്ചു. എന്നുതന്നെയല്ല വേറൊരു പരീക്ഷകൂടെ അവർ ചെയ്യുകയും ചെയ്തു. എങ്ങിനെയെന്നാൽ കൂദാശ ചെയ്യപ്പെടാത്ത വേറെ കുറെ അപ്പങ്ങൾ കൊണ്ടുവന്നു് വേറൊരു പാത്രത്തിലിട്ടു് അതും അടച്ചുമുദ്രവെച്ചു് രണ്ടും ഭദ്രമായി സൂക്ഷിച്ചുവെയ്ക്കുകയും ചെയ്തു. ഇതു നടന്നതു് 1789 ഫെബ്രുവരി

മാസത്തിലായിരുന്നു. 1799–ാമാണ്ടിൽ വേറൊരു മെത്രാപ്പോലീത്താ സിയെന്നായിലെ ആദ്ധ്യാത്മികഭരണം കൈയ്യേററു. അദ്ദേഹം ഈ അത്ഭുതത്തിൻെറ വാസ്തവസ്ഥിതി മനസ്സിലാക്കുന്നതിനായി അടുത്തുണ്ടായിരുന്ന സർവകലാശാലയിലെ പല ശാസ്ത്രജ്ഞന്മാരെ വരുത്തി വേറൊരു പരിശോധന നടത്തി. അവർ എല്ലാവരും ഏകകണ്ഠമായി "ഈ അപ്പങ്ങൾ പുതുതായി ഉണ്ടാക്കപ്പെട്ടതുപോലെയിരിക്കുന്നു. ഇതിൻെറ നിറത്തിനാകട്ടെ രുചിക്കാകട്ടേ യാതൊരു വ്യത്യാസവും ഞങ്ങൾ കാണുന്നില്ല„ എന്നാണ് അഭിപ്രായപ്പെട്ടതു്. കൂടെ ഉണ്ടായിരുന്ന രണ്ടാമത്തെ പാത്രം തുറന്നു അവർ പരിശോധന നടത്തി. എന്നാൽ അതു കറുത്തു പൂത്തിരുന്നതായിട്ടാണ് കാണപ്പെട്ടതു്. വീണ്ടും അവർ കുറെക്കൂടെ പുതിയ അപ്പങ്ങൾ കൊണ്ടുവന്നു് ആ പാത്രത്തിൽ വെച്ചു മുമ്പിലത്തേതുപോലെ മുദ്രയുംവെച്ചു മടങ്ങി. ഇതിൻെറ ശേഷം 1815 ജൂൺ 15-ാംനു- വേറൊരു പരീക്ഷകൂടെ നടത്തി. ഫലം മുമ്പിലത്തേതു തന്നെ. വീണ്ടും മുമ്പിലത്തേതുപോലെ തന്നെ അവർ ചെയ്തു. പിന്നെ 1854 വരെ യാതോരു പരീക്ഷയും നടത്തിയില്ല. പിന്നെ ആ അതിരൂപതയെ ഭരിച്ചതു് മോൺസിഞ്ഞോർ മൻസീനി എന്ന ദേഹമായിരുന്നു. അദ്ദേഹം വേറൊരു പരീക്ഷ നടത്തി. അപ്പോഴും പ്രസ്തുത അപ്പങ്ങൾ പുതിയ അപ്പങ്ങളുടെ ലക്ഷണങ്ങളോടുകൂടിയാണ് കാണപ്പെട്ടതു്. കൂദാശ ചെയ്യപ്പെടാത്ത അപ്പങ്ങളെല്ലാം എന്നാൽ കാലപ്പഴക്കത്താൽ പൊടിഞ്ഞു കറുത്തുപോയിരുന്നു. അവർ വീണ്ടും അതു മാറി പുതിയ അപ്പങ്ങൾ നിറച്ചു് പരിശോധനക്കായി വീണ്ടും സൂക്ഷിച്ചുവെച്ചു. ഇങ്ങനെ കൊല്ലങ്ങൾ പലതുകഴിഞ്ഞു. രൂപതാഭരണം മോൺസിഞ്ഞോർ പ്രൊസ്പേരോ, എന്ന ഇപ്പോഴത്തേ മെത്രാപ്പോലീത്താ കൈയ്യേററു. അദ്ദേഹം 1914 ജൂൺമാസം 10–ാംനു- വേറൊരു പരിശോധനാസംഘത്തേ രൂപീകരിച്ചു. ഇററലിയിലെ കീർത്തിപെട്ട പ്രകൃതിശാസ്ത്രജ്ഞന്മാരായ സീറൊഗ്രീമാൽഡി, ജോസഫ്ടൊളെലോ എന്നിവരും അതിൽ ഉൾപ്പെട്ടിരുന്നു. അവർ വളരെ ശാസ്ത്രീയമായിട്ടു അപ്പങ്ങളെ പരിശോധിച്ചു. ഫലം പഴയതുതന്നെ. അതിൽ കേടിൻെറ യാതൊരു ലക്ഷണങ്ങളും കണ്ടില്ല. തന്നെയല്ല, ആ സമയത്തുണ്ടാക്കിയ അപ്പങ്ങളുടെ സകല ലക്ഷണങ്ങളും അതിൽ കാണപ്പെട്ടിരുന്നു. പരിശോധനാ സംഘത്തിൽ ഉൾപ്പെട്ടിരുന്ന മൂന്നുപേർ അന്നു തന്നെ വി: കുർബാന സ്വീകരിച്ചു. എന്നാൽ അവർ സ്വീകരിച്ചതു് ഒരു അസാധാരണ വിധത്തിലായിരുന്നു. എങ്ങനെയെന്നാൽ 1730-ൽ കൂദാശ ചെയ്യപ്പെട്ട ഓസ്തിയും 1194 ജൂൺ 10-ാംനു- കൂദാശചെയ്യപ്പെട്ട ഓസ്തിയുംകൂടെ ഒരേ സമയത്താണു കൈക്കൊണ്ടതു്. അവരുടെ സാക്ഷ്യങ്ങൾ കേട്ടാലും 1730–ൽ കൂദാശ ചെയ്ത അപ്പങ്ങൾ ഇന്നുണ്ടാക്കിയ അപ്പത്തേക്കാൾ രുചികരവും നവീനത്വം തോന്നിക്കുന്നവയുമാണ്''. ഇതിൻെറ ശേഷം ആ പരിശോധകർ ഒന്നുകൂടി ഖിമശാസ്ത്രവിധിയനുസരിച്ച്, അതിൻെറ സമ്മിളിത തത്വങ്ങൾ വേർതിരിച്ചു പരീക്ഷ നടത്തി. അവർ എല്ലാവരും ഏക കണ്ഠമായി 'പുളിയാത്ത അപ്പത്തിൻെറ പ്രധാന അംശങ്ങളിൽ ഒന്നായ നൂറ്(Starch) പ്രസ്തുത അപ്പങ്ങളിൽ ധാരാളമുണ്ടെന്നും അതിനു യാതൊരു കേടും ഇതുവരെ തട്ടിയിട്ടില്ലെന്നും" ആണ് അഭിപ്രായപ്പെട്ടതു്. പരീക്ഷകന്മാർ പീസായിലെ റോയൽ യൂനിവേഴ്സിററിയിലെ പൊളിററിക്കൽ എക്കോണമിയുടെ ഉപദേഷ്ടാവായ ഗ്രീമാൽഡി സീയെന്നാ യൂനിവേഴ്സിററിയിലെ ജീവശാസ്ത്രോപദേഷ്ടാവായ ജോസ്ടൊളേലൊ, വൈദ്യ ശാസ്ത്രജ്ഞനായ കാർളോറൈറമോൻഡി, ഖിമശാസ്ത്രജ്ഞന്മാരായ മൻടുവെത്തോസെലിയാനി, ഏലിയ കൊളി, ഡാൻെറസപ്പൊറി, എറൈറാർബൊഗ്ഗി എന്നിവരായിരുന്നു. പ്രസ്തുത തിരുഅപ്പങ്ങൾ ഇന്നും യാതൊരു കേടും കൂടാതെ സീയെന്നായിൽ സൂക്ഷിക്കപ്പെട്ടുവരുന്നു. ദിവ്യകാരുണ്യത്തിൽ മിശിഹായുടെ സാന്നിധ്യം ഇല്ലായെന്നു ശഠിക്കുന്നവർ ഈ അനുസ്യൂതമായ അത്ഭുതസംഭവത്തെ എങ്ങനെ വ്യാഖ്യാനിക്കുമോ അക്കറിയാം. "പരിശുദ്ധ ദിവ്യകാരുണ്യത്തിനു് എന്നേരവും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ!"

# ഫാദർ ലൂക്കാസിൻെറ കൊന്തകൾ.

(ശ്രീമാൻ കുൎയ്യാക്കോസ് കൊട്ടകാരം, ബി. എ.)

അമേരിക്കയിൽ ഒരു വൈദികന് ഇപ്പോൾ ഭാഗ്യമോടെ വാഴുന്ന പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് "തിരുസ്ഥല ബന്ധവിമോചനങ്ങൾ" ലഭിക്കത്തക്ക കൊന്തകൾ ആശീർവ്വദിക്കുന്നതിനുള്ള ഒരു പ്രത്യേക അനുമതി നൽകുകയുണ്ടായെന്നും, അദ്ദേഹം ആശീർവ്വദിച്ച ഏതാനും കൊന്തകൾ നമ്മുടെ നാട്ടിൽ ചിലൎക്കു കിട്ടുകയുണ്ടായെന്നും, പലരും അറിഞ്ഞിട്ടുള്ളതാണല്ലോ. പരിശുദ്ധ പിതാവു തിരുമനസ്സിൽ നിന്നും ഈവിധമുള്ള ഒരു പ്രത്യേക അനുഗ്രഹം ലഭിക്കുന്നതിനു ഭാഗ്യം സിദ്ധിച്ച ആ വന്ദ്യ ദേഹത്തെപ്പററിയും അദ്ദേഹം ആശീർവ്വദിച്ച കൊന്തകളെപ്പററിയും അല്പം പ്രസ്താവിക്കുന്നതു അവസരോചിതമായിരിക്കുമെന്നു കരുതുന്നു.

കഴിഞ്ഞ ലോകമഹാസമരം നിമിത്തം യൂറോപ്പിനു നേരിട്ട ഭയങ്കരനാശങ്ങളിൽ യൂറോപ്പിനെ സഹായിക്കുന്നതിനുള്ള തൻെറ സ്തുത്യർഹ പരിശ്രമങ്ങളെ പ്രതി "ലോകത്തിലെ ഏററം വലിയ പരോപകാരതല്പരൻ" എന്നുള്ള മാർപ്പാപ്പാതിരുമനസ്സിലെ അഭിസംബോധനത്തിനു പാത്രീഭൂതനായ ഫാദർ പി. ലൂക്കാസ്, ഒ. എസ്. ബി. എന്ന വന്ദ്യദേഹത്തിനാണു മേൽ പ്രസ്താവിക്കപ്പെട്ട പ്രത്യേകാനുഗ്രഹം തിരുസിംഹാസനത്തിൽ നിന്നും ലഭ്യമായതു്. ഇദ്ദേഹം 1864 ഫെബ്രുവരി 28-ൽ സ്വിററ്സർലണ്ടിൽ "സർനൻ" എന്ന സ്ഥലത്തു ജാതനായി. ബാല്യകാലം മുതൽക്കു തന്നെ തൻെറ ഹൃദയത്തിൽ അഗാധമായി വേരൂന്നിയിരുന്നതും, എന്നാൽ കാലാന്തരത്തിൽ ഒന്നിനൊന്നു പ്രബലപ്പെട്ടുവന്നതുമായ ഏക ആഗ്രഹം, ഒരു വൈദികനായി മിശിഹായുടെ മുന്തിരിത്തോട്ടത്തിൽ ആ ദിവ്യനാഥൻെറ സ്തുതിയെ ലാക്കാക്കി വേല ചെയ്യണമെന്നുള്ളതായിരുന്നു. തന്നിമിത്തം ഈ ആഗ്രഹസാദ്ധ്യാർത്ഥം 1887 നവംബർ 13-ൽ അദ്ദേഹം അമേരിക്കയിൽ "മിസ്സൌറി" എന്ന സ്ഥലത്തുള്ള പ്രസിദ്ധ ബെനഡിക്റ്റൻ സന്യാസാശ്രമത്തിൽ ചെന്നുചേൎന്നു വൈദികവിദ്യാഭ്യാസം ആരംഭിക്കയും, 1891 ആഗസ്റ്റ് 15-ൽ ഗുരുപട്ടം സ്വീകരിക്കുകയും ചെയ്തു. ഗുരുപ്പട്ട സ്വീകരണാനന്തരം ഏറെത്താമസിയാതെ ഒരു കന്യാസ്ത്രീമഠത്തിൻെറ "ചപ്ലാലനാ"യി ഫാദർ ലൂക്കാസ് നിയമിതനായി. 1927 ഡിസംബർ 16-ാംനു- യൂറോപ്പിലും അമേരിക്കയിലുമായി അനേക ലക്ഷം ജനങ്ങളെ ദുഃഖസാഗരത്തിൽ നിമഗ്നരാക്കിയ തൻെറ ദേഹവിയോഗംവരെയും അദ്ദേഹം ഈ ജോലിതന്നെ സ്തുത്യർഹമാംവണ്ണം നിർവ്വഹിച്ചുവന്നു.

ഫാദർ ലൂക്കാസ് ഒരു വിശുദ്ധനുതുല്യ ജീവിതമാണു നയിച്ചിരുന്നതു്. തൻെറ പരിപാവനമായ ജീവിതനൈൎമ്മല്യം, തന്നിൽ സവിശേഷം വിളങ്ങി പ്രകാശിച്ചിരുന്ന അനിതരസാധാരണങ്ങളായ വിശിഷ്ടഗുണങ്ങൾ, എന്നിവ അനേകലക്ഷമാളുകളെ ജാതിമതഭേദമെന്യേ തന്നിലേക്കാകർഷിച്ചിരുന്നതായി ഫാദർ ലൂക്കാസിനെപ്പററി പ്രസ്താവിച്ചുകാണുന്നു. ദിവസംതോറും അർദ്ധരാത്രിക്കുശേഷം ഏതാനും സമയം ഈ വന്ദ്യ ദേഹം വിശുദ്ധ കർബാനയുടെ സന്നിധിയിൽ പരമനാഥനെ ആരാധിക്കുന്നതിലേക്കായി ചിലവഴിച്ചിരുന്നെന്നും, പരിശുദ്ധകന്യകമറിയത്തിൻെറ നേൎക്കു അദ്ദേഹം പ്രത്യേക ഭക്തി പ്രദർശിപ്പിച്ചിരുന്നെന്നും,

തന്നെത്തന്നെ വിസ്മരിച്ചുകൊണ്ട് അന്യരെ സഹായിക്കുന്നതിനു അദ്ദേഹം സർവ്വഥാ സന്നദ്ധനായിരുന്നെന്നും, ഉദ്ദേശം 30 കൊല്ലത്തോളം നീണ്ടുനിന്ന തൻെറ 'ചാപ്ലലൻ' ഉദ്യോഗത്തിൻകീഴിലിരിക്കുന്നതിനു ഏതൊരു കന്യകാമഠത്തിനു ഭാഗ്യം സിദ്ധിച്ചുവൊ, ആ സ്ഥാപനത്തിലെ സഹോദരികൾ സാക്ഷിക്കുന്നു. 1920 മുതൽ തൻെറ ഐഹിക ജീവിതാവസാനം വരെക്കും, അതിഭയങ്കര വിപത്തുകൾക്കധിനരായി നട്ടംതിരിഞ്ഞ യൂറോപ്പിലെ ജനാവലിയെ പൊതുവിലും, സെമിനാരികൾ, മഠങ്ങൾ, ആദിയായ സഭാസ്ഥാപനങ്ങളെ പ്രത്യേകിച്ചും, സഹായിക്കുന്നതിനായി ധനശേഖരം നടത്തുക മുതലായ വിവിധപരിശ്രമങ്ങളിൽ അദ്ദേഹം ഏർപ്പെട്ടിരുന്നു. ഫാദർ ലൂക്കാസിൻെറ ഏതാദൃശ പരിശ്രമങ്ങൾക്കും അവയുടെ സ്തുത്യർഹമായ വിജയത്തിനും പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ട് ഒരു ദൃക്സാക്ഷി തന്നെയാണ്. ഇപ്രകാരമുള്ള ഈ ദേഹത്തിനാണു അദ്ദേഹത്തിൻെറ അപേക്ഷാനുസരണം പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു മേല്പറഞ്ഞ കൊന്ത ആശീർവ്വദിക്കുന്നതിനുള്ള അഭൂതപൂർവ്വമായ അനുമതി നൽകിയതു്.

1923 മാർച്ച് 23-ൽ, മാർപ്പാപ്പാ തിരുമനസ്സിലെ 'സെക്രട്ടറി ഓഫ് സ്റ്റേയിററായ,' ഗാസ്പാരി കർദ്ദിനാൾ തിരുമനസ്സുകൊണ്ട്, 40363-ാം നമ്പരായി ഫാദർ ലൂക്കാസിനയച്ച കത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു...... കൊന്തയുടെ ഓരോ കുരുവിനും (to every single bead or to every Our Father, Hail Mary, and Gloria) അഥവാ, ഒരു അകാശ. ഒരു നന്മ. ഒരു ത്രിത്വ.-ക്കും "തിരുസ്ഥല ദണ്ഡവിമോചനങ്ങൾ ലഭിക്കത്തക്കവിധത്തിൽ ഏതാനും കൊന്തകളെ ആശീർവദിക്കുന്നതിനുള്ള അധികാരം ലഭിക്കുന്നതു് താങ്കൾക്കു സന്തോഷപ്രദമായിരിക്കുമെന്നു പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു വിശ്വസിക്കുന്നു. ലോകമഹായുദ്ധം നിമിത്തം ഭയങ്കരനാശത്തിലുൾപ്പെട്ട അസ്ത്രീയാ, ജർമ്മനി, എന്നീ രാജ്യങ്ങളെയും, പ്രത്യേകിച്ചു വൈദികരെയും സെമിനാരികളെയും സഹായിക്കുന്നതിനു താങ്കൾ ചെയ്യു അക്ഷീണപരിശ്രമങ്ങളെ നേരിട്ടു കണ്ടറിയുന്നതിനു ഇടയായ മാർപ്പാപ്പാ തിരുമേനി, മേൽ സൂചിപ്പിച്ച പ്രത്യേകാനുഗ്രഹത്തെ താങ്കൾക്കു പ്രദാനം ചെയ്യുകൊണ്ട് താങ്കളുടെ നേർക്കുള്ള അവിടത്തെ അപാരമായ പൈതൃകസ്നേഹത്തെ രേഖപ്പെടുത്തിക്കൊള്ളുന്നു." ഈ തിരുകത്തുവഴിയായിട്ടാണു അനുഗൃഹീതനായ ഫാദർ ലൂക്കാസിന് ഇതിനു മുമ്പ് മററാർക്കും തന്നെ ലഭിച്ചിട്ടില്ലാത്തതും അതിമാഹാത്മ്യമേറിയതുമായ പ്രസ്തുത "പ്രത്യേകാനുമതി" സിദ്ധിച്ചതു്.

ഫാദർ ലൂക്കാസിനാൽ ആശീർവദിക്കപ്പെട്ട കൊന്തകൾ ഉപയോഗിക്കുന്നവർക്ക് അനേകദണ്ഡവിമോചനങ്ങൾ ലഭിക്കാൻ പാടുണ്ട്. എന്നാൽ ഈ ദണ്ഡവിമോചനങ്ങൾ എന്തെല്ലാമെന്നു ക്ലിപ്തമായി പരിഗണിപ്പാൻ പാടില്ലാത്തതാകുന്നു. കൊന്ത ഉപയോഗിക്കുന്നവർ, മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് മേൽ കാണിച്ച പ്രത്യേകാനുമതി ഫാദർ ലൂക്കാസിനു നൽകിയപ്പോൾ എന്തെല്ലാം ദണ്ഡവിമോചനങ്ങൾ ഉദ്ദേശിച്ചുവോ, അവയെല്ലാം പ്രാപിക്കുന്നതിനു നിയോഗം വച്ചാൽ ധാരാളം മതിയാവുന്നതായിരിക്കും. ഈ "അനുഗ്രഹകൊന്തകൾ" ശുദ്ധീകരസ്ഥലത്തിലുള്ള ആത്മാക്കളെ സഹായിക്കുന്നതിനു ഏററം പററിയ ഉപകരണങ്ങളാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

## അസാദ്ധ്യ കാൎയ്യങ്ങളുടെ മദ്ധ്യസ്ഥയായ

# വിശുദ്ധ റീത്താ.

(ശ്രീമാൻ എൻ. എ. തോമസ് ത്രിശ്ശിനാപ്പള്ളി.)

ആധുനിക കത്തോലിക്ക ലോകത്തിലെ മദ്ധ്യസ്ഥകളിൽ എല്ലാംകൊണ്ടും വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു പുണ്യവതിയാണ് വി. റീത്താ. യൂറോപ്പിലും അമേരിക്കയിലും ഈ പുണ്യവതിയുടെ നാമത്തിൽ പണിയപ്പെട്ടിട്ടുള്ള ദേവാലയങ്ങളും പ്രചാരത്തിലിരിക്കുന്ന ഭക്തകൃത്യങ്ങളും അനവധിയാണ്. എന്നാൽ കേരളീയ കത്തോലിക്കരുടെ ഇടയിലാകട്ടെ ഈ മദ്ധ്യസ്ഥയോടുള്ള ഭക്തി പ്രചരിക്കുവാൻ തുടങ്ങിയിട്ട് അധികം കൊല്ലങ്ങളായെന്നു തോന്നുന്നില്ല. അതിനാൽ ആ പുണ്യവതിയുടെ ഒരു ചുരുങ്ങിയ ജീവിതചരിത്രം "കുസുമ"വായനക്കാൎക്കുപകരിക്കുമെന്നു വിശ്വസിക്കുന്നു.

ക്രിസ്തുവൎഷം 1381-ൽ ഇററലിയിലാണ് നമ്മുടെ ഭാഗ്യപ്പെട്ടവളുടെ ജനനം. ജന്മദേശം, വി. ബനദിക്തോസ്, വി. ഫ്രാൻസിസ് അസ്സീസ്സി മുതലായവരുടെ ജനനത്താൽ ലോകപ്രസിദ്ധമായി തീൎന്നിട്ടുള്ള അംബ്രിയാ (Umbria) പ്രോവിൻസാകുന്നു. ഈ പ്രോവിൻസിലെ, കാസ്യാ (Cascia) എന്ന കുഗ്രാമത്തിൽ ദരിദ്രജീവിതം കഴിച്ചിരുന്ന അന്തോണിയോ മാൻചിനി (Antonio Mancini) അമാത്താ ഫെറി (Amata Feri) എന്ന ദമ്പതിമാരുടെ പ്രഥമസന്താനമാണ് വിശുദ്ധ റീത്താ. ദീൎഘകാലമായി ചെയ്തിരുന്ന പ്രാൎത്ഥനകളുടേയും നേൎച്ചകളുടേയും ഫലമായിട്ടാണ് ഈ ശിശു ജാതയായത്. ശൈശവം മുതല്ക്കേ പ്രാൎത്ഥന മുതലായ സൽകൃത്യങ്ങളിൽ ഈ പുണ്യശിശു അസാമാന്യ താല്പൎയ്യവും ശുഷ്കാന്തിയും പ്രദൎശിപ്പിച്ചിരുന്നു. ഉൽകൃഷ്ടമായ ജീവിതോദ്ദേശത്തെ മുന്നറിയിക്കുന്ന പല സംഭവങ്ങളും വിശുദ്ധ റീത്തായുടെ ബാല്യകാലത്തുതന്നെ ഉണ്ടായിട്ടുണ്ട്. ഏകദേശം പന്ത്രണ്ടുവയസ്സായപ്പോൾ വി. അഗുസ്തീനോസിന്റെ കന്യകാശ്രമത്തിൽ ചേരണമെന്നുള്ള ആഗ്രഹം ആ പുണ്യബാലിക തന്റെ മാതാപിതാക്കന്മാരെ അറിയിച്ചു. തങ്ങളുടെ ഏക സന്താനത്തെ അത്രവേഗം പിരിയുവാൻ മാതാപിതാക്കന്മാർ അനുവദിച്ചില്ല. അതിനാൽ അവരുടെ നിർബന്ധത്തിന് വഴിപ്പെട്ട് കൊച്ചുറീത്താ വിവാഹബന്ധത്തിൽ ഏൎപ്പെടുകയാണുണ്ടായത്.

അതോടുകൂടി ഈ പുണ്യവതിയുടെ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായമാണ് തുറക്കുന്നത്. ഭൎത്താവ് അത്യന്തം നിൎദ്ദയനും ക്രൂരനുമായ ഒരു മദ്യപാനിയായിരുന്നു. സ്വഭൎത്താവിൽ നിന്നും ഇളവില്ലാതെ കിട്ടിക്കൊണ്ടിരുന്ന കഠിനവാക്കുകൾ, ക്രൂരപ്രവൃത്തികൾ, നിൎദ്ദയമായ പ്രഹരം ഇവ ആ പുണ്യവതിയുടെ ജീവിതത്തെ ഒരു വലിയ കുരിശാക്കി തീൎത്തു. ക്രൂശിക്കപ്പെട്ട ഈശോയുടെ പ്രത്യേക ഭക്തയായിരുന്ന റീത്തായാകട്ടെ, തനിക്കു നൽകപ്പെട്ട കുരിശിനെ അത്യന്തം സന്തോഷത്തോടെ സ്വീകരിക്കുകയും സ്നേഹവും, സൗമ്യതയും, പ്രാൎത്ഥനയുംകൊണ്ട് ഭൎത്താവിന്റെ ദുസ്വഭാവത്തെ ജയിക്കുവാൻ ശ്രമിക്കുകയും ചെയ്തു. റീത്താമ്മയുടെ വിജയത്തിന് അധികകൊല്ലങ്ങൾവേണ്ടിവന്നില്ല. കുടുംബനായകൻ മാനസാന്തരപ്പെട്ട്, കുടുംബം സമാധാനമായി തീൎന്നു. എന്നാൽ തന്റെ മണവാട്ടിക്കു ഈശോ ഒരുക്കിയ "കൈപ്പുനിറഞ്ഞ കാസാ" ഇനിയും ഒഴിഞ്ഞിട്ടില്ലായിരുന്നു. വളരെ മാസങ്ങൾ കഴിയുന്നതിനു മുമ്പ് അക്കാലത്തു ഇററലിയിലുണ്ടായ ചില രാ

ഷ്ട്രിയ വിപ്ലവങ്ങളിൽ കുടുംബനായകൻ ഭാഗഭാക്കാകുകയും താമസംവിനാ ശത്രുകരത്താൽ വധിക്കപ്പെടുകയും ചെയ്തു. സിദ്ധയായ റീത്താഭർത്തൃദ്രോഹികൾക്കു രക്ഷയും തന്റെ രണ്ടു പുത്രന്മാർക്കു ക്ഷമയും നൽകുവാൻതീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. കോപിഷ്ഠരായിരുന്ന രണ്ടു പുത്രന്മാർ മാതാവിന്റെ സമാധാനവചനങ്ങൾ ശ്രദ്ധിച്ചില്ല; പ്രത്യുത പിതൃഘാതകന്മാരോടു പ്രതിക്രിയ ചെയ്യുന്നതിന് അവർ ഒരുങ്ങുകയായിരുന്നു. അതിനാൽ അവർ അപ്രകാരം ചെയ്യുന്നതിനേക്കാൾ മരിക്കുകയാണ് നല്ലതെന്ന് ഖിന്നയായ മാതാവ് ഭക്തിപൂർവം പ്രാത്ഥിച്ചു. വിധവയും വിഷണ്ഡയും ആയ മാതാവിന്റെ ശോകസ്വരത്തിന് സ്വർഗ്ഗത്തിൽ പ്രത്യുത്തരമുണ്ടായി. പുത്രന്മാർ രണ്ടുപേരും അവരുടെ ദുരുദ്ദേശം നിർവഹിക്കുന്നതിന് മുൻപ് ഇഹലോകവാസം വെടിഞ്ഞു.

വിധവയായ റീത്താ ഏകാകിയും നിരാധാരയും ആയി. ക്രൂശിക്കപ്പെട്ട ഈശോയ്ക്കു വേണ്ടി സ്വജീവിതം സമപ്പിക്കുവാനുള്ള ആഗ്രഹം ആ ഹൃദയത്തിൽ തീവ്രമായി പ്രവത്തിച്ചുകൊണ്ടിരുന്നു. അടുത്തുണ്ടായിരുന്ന ഒരു അഗസ്റ്റിനിയൻ കന്യകാമഠത്തിൽ പ്രവേശനം ലഭിക്കുന്നതിന് നമ്മുടെ പുണ്യവതി പലവുരു ചെയ്ത അപേക്ഷകളെല്ലാം നിഷ്ഫലമായതേയുള്ളു. എങ്കിലും നിരാശപ്പെടാതെ പ്രാർത്ഥനയിൽ സമാശ്രയിച്ചു വളരെ ദിവസങ്ങൾകൂടെ കഴിച്ചുകൂട്ടി. ഒരിക്കൽ ഈ വിശുദ്ധ സ്വഗൃഹത്തിൽ തീഷ്ണതയോടെ ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗ്ഗത്തിൽ നിന്നും മൂന്നു സിദ്ധന്മാർ പ്രത്യക്ഷരായി പുണ്യവതിയെ, പൂട്ടിയിരുന്ന വളരെ കതകുകൾ കടന്ന് കന്യകാശ്രമ കപ്പേളയിലേക്കു നയിച്ചു. അവിടെ വിശുദ്ധ റീത്തായെ അവർ പിരിഞ്ഞ്, അപ്രത്യക്ഷരാകുകയും ചെയ്തു. ഈ അത്ഭുതപ്രവേശനം മഠാധിപക്കു ബോധ്യപ്പെട്ട് റീത്തായെ സഭാംഗമായി സ്വീകരിക്കുവാൻ ഇടയാക്കി. അനന്തരമുണ്ടായ ഈ ആശ്രമജീവിതത്തിൽ വെച്ചാണ് കഠിനമായ അനേകം തപ:ക്രിയകൾ നമ്മുടെ വിശുദ്ധ അനുഷ്ഠിച്ചത്. എളിമയിലും അനുസരണയിലും തപക്രിയകൾ ചെയ്യുവാനുള്ള തീവ്രമായ ആഗ്രഹത്തിലും വിശുദ്ധ റീത്താ മററുള്ളവക്കെല്ലാം ഒരു മാതൃകയായിരുന്നു. "കഷ്ടപ്പാടിന്റെ മനുഷ്യനോ"ടുള്ള സ്നേഹംമൂലം അവിടുന്ന് സഹിച്ച സങ്കടത്തിന്റെ ഒരു വീതം തനിക്കും തരണമേ എന്നു ആ സിദ്ധ വളരെ എരിവോടേ പ്രാർത്ഥിക്കുക പതിവായിരുന്നു. ഒരിക്കൽ ക്രൂശിക്കപ്പെട്ട ഈശോയുടെ രൂപത്തിൻ മുമ്പാകെ ആ അപേക്ഷ സ്നേഹപൂർവം ആവത്തിച്ചുകൊണ്ടിരിക്കുമ്പോൾ തൂക്കപ്പെട്ട രൂപത്തിന്റെ മുൾമുടിയിൽ നിന്നും ഒരു മുള്ള് വേർപെട്ട് പറന്ന്, ഈ പരിശുദ്ധയുടെ നെററിയിൽ തറച്ചു കയറി. ആ മുള്ളും അതിന്റെ മുറിവിന്റെ വേദനയും വിശുദ്ധ റീത്താ മരണംവരെ സഹിച്ചുകൊണ്ടിരുന്നു. എന്നാൽ 1450–ാമാണ്ടിൽ റോമ്മിൽ ആഘോഷിച്ച ജൂബിലിയിൽ സംബന്ധിക്കുന്നതിന് പോകുവാൻ തിരുമുള്ളും മുറിവും വിഘ്നങ്ങളാണെന്ന് ആശ്രമശ്രേഷ്ഠ വിധിച്ചപ്പോൾ വിശുദ്ധ റീത്താ അവ തൽക്കാലത്തേക്കു നീങ്ങികിട്ടുന്നതിനു പ്രാർത്ഥിക്കുകയും അപ്രകാരം റോമ്മിൽ നിന്നു മടങ്ങുന്നതുവരെ അവ അപ്രത്യക്ഷമാകുകയും ചെയ്തു.

റീത്താ പുണ്യവതിയുടെ മരണത്തിന് മുൻപ് മൂന്നു കൊല്ലങ്ങളോളം ആ സിദ്ധ രോഗശയ്യയിൽ കിടന്നുകൊണ്ടു സഹിച്ച ക്ലേശങ്ങൾ അനവധിയായിരുന്നു. ഏററവും ദുസ്സഹവും ദയനീയവും ആയ വ്യസനഘട്ടങ്ങളിൽപോലും പുണ്യവതി അത്ഭുതതരമായ ക്ഷമയും സന്തോഷവും ആണ് പ്രദശിപ്പിച്ചിരുന്നത്. ഒടുവിൽ 1457 മെയ്മാസം 22–ാംനു ഈശോയുടെ സ്വർഗ്ഗീയ വിരുന്നിനുള്ള ക്ഷണത്തിന് വിധേയയായി വിശുദ്ധ റീത്താ ലോകത്തിൽ നിന്നും വേർപെട്ടു. സ്തുത്യർഹമായ മരണവേളയിൽ പല അത്ഭുത സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. അവയിൽ ആ പ്രോവിൻസിലെ മണികളെല്ലാം കൂട്ടമായി പരസഹായം കൂടാതെ അടിച്ചത് പ്രത്യേകം പ്രസ്താവ്യമാണ്.

സ്വർഗ്ഗപ്രാപ്തിക്കു ശേഷവും നിരവധി അത്ഭുതകൃത്യങ്ങൾ മൂലം വിശുദ്ധ റീത്താ കത്തോലിക്കലോകത്തിന്റെ മുഴുവൻ മദ്ധ്യസ്ഥയായി തീന്നിരിക്കുന്നു. "അ

സാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥ,'' എന്നാണ് കത്തോലിക്കസഭ ഈ ഭാഗ്യവതിയെ നാമകരണം ചെയ്തിരിക്കുന്നതു്. 1900-ാമാണ്ടു പതിമൂന്നാംലെയോൻ മാർപ്പാപ്പാ വിശുദ്ധരുടെ പട്ടികയിൽ ഈ പുണ്യവതിയുടെ നാമംചേർത്തു പ്രഖ്യാപനം ചെയ്തു. കാസ്യായിലെ ദേവാലയത്തിൽ ഇപ്പോഴും വിശുദ്ധയുടെ തിരുശ്ശരീരം സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ചിലപ്പോഴെല്ലാം അതു് ഇളകുകയും അതിൽ നിന്നു പുറപ്പെടുന്ന സൗരഭ്യം സമീപസ്ഥലങ്ങളിൽപോലും വ്യാപിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്നു. കാസ്യായിലെ മഠത്തിന്റെ നടുമുറ്റത്തു പുണ്യവതി തന്നെ വെള്ളംകോരി വളർത്തിയ ഒരു മുന്തിരിച്ചെടി ഇപ്പോഴും ഉണ്ടു്. എല്ലാ കൊല്ലവും മെയ് 2-ാംനു മാത്രം തളിർച്ചകൾ ആ ചെടി നിറയെ കാണപ്പെടുന്നുണ്ടെന്നും പറയപ്പെടുന്നു. ലോകപ്രഖ്യാതയായ വിശുദ്ധ റീത്താ, വീരജീവിതം കഴിക്കുന്ന ഭാര്യമാരേയും വിധവകളേയും കന്യാസ്ത്രീമാരേയും കേരളീയ കത്തോലിക്കസഭയ്ക്കു പ്രദാനം ചെയ്യുവാൻ ഇടയാക്കട്ടെ.

# മണവാളനു വേണ്ടി മരണം.

(ശ്രീമാൻ ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട്.)

ആയിരത്തിയറുനൂററി ഇരുപത്തിനാലു സംവത്സരങ്ങൾക്കു മുമ്പു ഒരു ജനുവരിമാസത്തിലെ സുപ്രഭാത വേളയിൽ അക്രൈസ്തവ നേതാവായ അസ്ക്ലേഷ്യസു ന്യായാധിപതിയുടെ അദ്ധ്യക്ഷത്താലും മററനേകം ന്യായാധിപതികളുടെ സാന്നിദ്ധ്യത്താലും റോമാനഗരത്തിലെ പ്രധാന നീതിന്യായക്കോടതി അലംകൃതമായി. അവർ രാജദ്രോഹികൾ എന്നു അന്യായമായി കുററാരോപിതരായ ക്രിസ്ത്യാനികളുടെ ആഗമനത്തെ അഥവാ ആനയത്തെ അത്യാഹ്ളാദപൂർവ്വം പ്രതീക്ഷിക്കുന്നു. ക്രിസ്തീയ രക്തപ്രവാഹത്തിൽ ആനന്ദതുന്ദിലരായിക്കൊണ്ടിരുന്ന ആ അക്രൈസ്തവനേതാക്കന്മാർ, തങ്ങളുടെ ക്രൂരവിധികൾക്കു വിധേയരാകേണ്ട ക്രിസ്ത്യാനികളെ അന്നും ഭടന്മാർ ന്യായസഭയിലേക്കു ആനയിക്കുമെന്നു ആശിച്ചുകൊണ്ടിരുന്നു. ഈ അവസരത്തിൽ റോമാനഗരത്തിലെ രാജവീഥികളിൽ ക്രീഡാബാലാർക്കന്റെ സുവർണ്ണകരങ്ങളുടെ ആശ്ലേഷാനന്ദത്തെ ആസ്വദിച്ചുകൊണ്ടു ഒരു ബാലിക എവിടേക്കോ ദ്രുതഗതയായി നടകൊള്ളുന്നു. അവളുടെ സുന്ദരവദനം സൂര്യാഗമനത്തിലെ കമലതുല്യം വികസിതമാണു്. ആ പ്രസന്നദ്യുതി അത്യാഹ്ളാദമയമായ ഒരു കാര്യസാദ്ധ്യത്തിലേക്കാണവളുടെ ഉദ്യമമെന്നു വിളിച്ചറിയിക്കുന്നുണ്ടു്. യൗവനത്തിലേക്കു തന്റെ പിഞ്ചുപാദങ്ങൾ ഇനിയും ഊന്നിത്തുടങ്ങാത്ത, അതെ, കേവലം പതിനൊന്നു വയസ്സു മാത്രം പ്രായമുള്ള ആ സുകുമാരി ഈ വിഭാതവിഭൂതിയിൽ എവിടേക്കായിരിക്കാം ഏകാകിനിയായി യാത്രചെയ്യുന്നതു്? അവൾക്കിന്നു കൈവരുന്ന ആ സൗഭാഗ്യം എന്താണാവോ?

അടുത്ത നിമിഷത്തിൽ നിർദ്ദിഷ്ട സ്ഥലപ്രാപ്തിയിൽ ചാരിതാർത്ഥയായി അവൾ 'ഫോറം' എന്ന ന്യായാധിപമണ്ഡപത്തിലേക്കു പ്രവേശിച്ചു. ധീരഹൃദയങ്ങൾപോലും ദൃശ്യമാത്രയിൽ വിറച്ചുപോകുന്ന ക്രൂരവിധിയാളനായ അസ്ക്ലേഷ്യസിന്റെ സമീപത്തേക്കു അവൾ യാതൊരു കൂസലും കൂടാതെ കയറിച്ചെന്നു. ന്യായാധിപസംഘം അവളെ തുറിച്ചുനോക്കി. "ഞാൻ ഒരു ക്രിസ്ത്യാനിയാകുന്നു. ലോകൈകരക്ഷകനായ യേശുമ്ശിഹായു

ടെ ഉത്തമ അനുയായിയാകുന്ന ഞാൻ" എന്നു ആ കന്യാരത്നം സുവ്യക്തമായി ഉച്ചരിച്ചു. അത്ഭുതപരതന്ത്രരായിത്തീൎന്ന നേതാക്കന്മാർ അല്പനേരത്തേക്കു നിശ്ചലരായിത്തീൎന്നു. അസ്പേഷ്യസു ഔദ്യോഗികമായ ഒരുന്നതാസനത്തെ അലങ്കരിച്ചുകൊണ്ടിരുന്നു. അതിൽനിന്നും അല്പം താണസ്ഥാനങ്ങളിലായി മററുള്ളവരും ആസനസ്ഥരായിരിക്കുന്നു. പീഡനത്തിനു വേണ്ട സർവസാമഗ്രികകളും അവിടെ തയാറുണ്ട്. പല സൈന്യാധിപന്മാരും അവിടെ സന്നിഹിതരായി നിൽക്കുന്നു. ഏവരും ഇങ്ങനെ അത്ഭുതപ്പെട്ടു. "ഈ ചെറുബാലിക എന്താണു പറയുന്നത്? ഈ സുന്ദരവിഗ്രഹം താൻ പറയുന്നതിന്റെ അൎത്ഥം മനസ്സിലാക്കുന്നുണ്ടോ? അല്പം ഒന്നു ഭയപ്പെടുത്തുന്നതായാൽ അവൾ ക്രിസ്തുമതം ഉപേക്ഷിക്കയില്ലേ?"

ഒരിക്കലുമില്ല. ആ അന്ധവിശ്വാസികൾ വിശ്വസിച്ചിരുന്നതുപോലെ വെറും അന്ധമായ ഒരു പ്രേരണാശക്തിയാലല്ല അവൾ നിയന്ത്രിക്കപ്പെട്ടിരുന്നത്. അശക്തയായ ഒരു ബാലികയാണെങ്കിലും അവളുടെ ഹൃദയം അവൾ നന്നായി മനസ്സിലാക്കിയിരുന്നു. അവൾ കുലീനരായ ക്രൈസ്തവമാതാപിതാക്കന്മാരിൽ നിന്നും ഭൂജാതയായ അഗ്നസ് ആണ്. അന്നത്തെ സമ്പ്രദായപ്രകാരം അവൾക്ക് സ്വഗൃഹത്തിൽവച്ചുതന്നെ ഉൽകൃഷ്ടമായ വിദ്യാഭ്യാസം പ്രദാനം ചെയ്യപ്പെട്ടിരുന്നു. അഗ്നസ് ജനിച്ചപ്പോൾ മാക്സ്മിയൻ ചക്രവൎത്തി റോമാ മഹാസാമ്രാജ്യത്തിൽ ഉൾപെട്ടിരുന്ന ഇററലി, അഫ്റിക്കാ, സ്പെയിൻ എന്നീ ഭൂവിഭാഗങ്ങളുടെ ഭരണാധികാരിയായിരിന്നു. ആ നപുണ്ഡകൻ അധികാരശക്തി പ്രാപിച്ചതോടുകൂടി മതപീഡനം പൂർവാധികം ഊൎജ്ജിതപ്പെട്ടുതുടങ്ങി. റോമൻ സൈന്യത്തിൽ ഉൾപെട്ടിരുന്ന അനേകം ക്രൈസ്തവഭടന്മാർ അയാളുടെ ക്രൂരഖഡ്ഗത്തിനു ഇരയായിത്തീൎന്നു. കയസ്, മാർസെലിനസ്, മുതലായ മാൎപ്പാപ്പാമാർ ആ മതവിദ്വേഷിമുഖാന്തിരം രക്തസാക്ഷിത്വത്തിന്റെ വിലതീരാത്ത സ്വൎഗ്ഗീയ കിരീടം പ്രാപിച്ചു. എന്നുതന്നെയല്ല അനുദിനം നിരവധി ക്രിസ്ത്യാനികൾ തങ്ങളുടെ ദിവ്യരക്ഷകന്റെ പ്രഭാപൂരിതമായ പതാകയിൻകീഴിൽ അഭയം തേടിക്കൊണ്ടിരുന്നു.

നമ്മുടെ അഗ്നസാകട്ടെ ഹൃദയഭേദകങ്ങളായ ഈ സംഗതികളെ പലപ്പോഴും തന്റെ മാതാപിതാക്കന്മാരിൽ നിന്നും ഗ്രഹിച്ചുവന്നു. ആ ദിവ്യബാലിക വേദസാക്ഷികളുടെ ദയനീയമരണം പലപ്രാവശ്യവും ദൎശിക്കുകയും അനേകംതവണ തന്റെ പിതൃജനങ്ങളോടുകൂടി കാരാഗൃഹങ്ങളിൽ ചെന്നു് ക്രിസ്ത്യാനികളെ ആശ്വസിപ്പിക്കുന്നതിനു് ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. സമയമുള്ളപ്പോഴൊക്കെയും അവർ ഭൂഗൎഭാലയങ്ങളിൽ ചെന്നു ക്രിസ്ത്യാനികൾക്കുവേണ്ടി പ്രാൎത്ഥിക്കുകയും കൂദാശകൾ സ്വീകരിക്കുകയും പതിവായിരുന്നു- സ്വൎഗ്ഗീയഭോജനത്താൽ അവൾ ബാല്യം മുതൽ പോഷിപ്പിക്കപ്പെട്ടു. ക്രിസ്തുവിനായി തന്റെ മാതാപിതാക്കന്മാരാൽ സമൎപ്പിക്കപ്പെട്ടിരുന്ന അവൾ ആ സ്വൎഗ്ഗീയരാജനെത്തന്നെ തന്റെ ദിവ്യമണവാളനായി സ്വീകരിക്കുന്നതിനു് തീൎച്ചപ്പെടുത്തിയിരുന്നു. കന്യകാത്വത്തെ അവിടുന്ന് സ്നേഹിച്ചിരുന്നില്ലയോ? പരിശുദ്ധ കന്യാസ്ത്രീമറിയവും, വി. യോഹന്നാൻ ശ്ലീഹായും കൂടുതൽ സ്നേഹിക്കപ്പെട്ടതു് കന്യാത്വംമൂലം ആയിരുന്നുവെന്നുള്ളതു് അഗ്നസ് മനസ്സിലാക്കിയിരുന്നു. ക്രിസ്തുവിനാൽ സ്നേഹിക്കപ്പെടുകയാണ് ഏററവും മഹത്തായ സംഗതി എന്നുള്ളതും അവൾക്ക് അജ്ഞാതമല്ലായിരുന്നു. മെത്രാന്റെ ആശീൎവ്വാദത്തോടുകൂടി സന്യാസവസ്ത്രങ്ങൾ ധരിക്കുന്നതിനുള്ള പ്രായപൂൎത്തി വരാതിരുന്നതിനാൽ അവൾ ചിലപ്പോഴൊക്കെ വ്യസനിക്കാതെയുമിരുന്നില്ല. എന്നാൽ ഇതിലും മാഹാത്മ്യമേറിയതല്ലയൊ രക്തസാക്ഷി കിരീടം? കന്യകാത്വത്തിലും ഉൽകൃഷ്ടമായ വിധത്തിലല്ലയൊ തങ്ങളുടെ ദിവ്യസ്നേഹത്തെ രക്തസാക്ഷികൾ പ്രത്യക്ഷപ്പെടുത്തീട്ടുള്ളതു്? അഗ്നസ് ഇതേപ്പററി ചിന്തിച്ചു. ഈ മാഹാത്മ്യമേറിയ കിരീടലബ്ധിക്കു വേണ്ട സകല നന്മകളും അന്നുണ്ടായിരുന്നു. "നെർവായുടെ ഫോറം" എന്ന ന്യായസഭയിലേക്ക് ഈ മകുടസിദ്ധിക്കാ

യിട്ടാണ് ആ വിശുദ്ധ ബാലിക മുറപ്പെട്ടത്.

മിനേർവാ എന്ന ദേവതയ്ക്കു ധൂമം സമർപ്പിക്കുന്നതിന് ആ നിഷ്ഠുരന്മാർ അവളോട് ആജ്ഞാപിച്ചു. അവർ നിർബന്ധിച്ചു. ആ ബാലിക വിസമ്മതിച്ചു. ക്രിസ്തുവിനെ ഒരിക്കലും ഉപേക്ഷിക്കുകയില്ലാ എന്ന് പൂർവ്വാധികം സ്ഥിരതയോടുകൂടി അവൾ പറഞ്ഞു. അവരുടെ സർവ്വപ്രയത്നങ്ങളും ഭീഷണികളും നിഷ്ഫലമായി. ആ ചെറുബാലികയുടെ ധൈര്യം അത്ഭുതകരമായിരുന്നു. വെറും കുപിതമുഖദർശനമാത്രത്താൽതന്നെ അഗ്നസിന്റെ പ്രായത്തിലുള്ള കുട്ടികൾ ഭയന്നു നിലവിളിക്കുക സാധാരണമാണ്. കേവലം ഒരു സൂചി കൈയ്യിൽ കൊള്ളുന്നതായാൽ അതു് സഹിക്കുന്നതിനു വേണ്ട ശക്തി അവർക്കുണ്ടായിരിക്കുകയില്ല. എന്നാൽ ഭയം അഗ്നസിന് അജ്ഞാതമായിരുന്നു. ക്രൂരയോദ്ധാക്കളുടെ രക്തപങ്കിലമായ ഖഡ്ഗങ്ങൾ അവളെ തെല്ലും ഭയപ്പെടുത്തിയില്ല. മരണം എന്തെന്നറിഞ്ഞിട്ടില്ലാത്ത അവൾ മരണത്തെ അഭിലഷിച്ചിരുന്നു. സുകൃതങ്ങളാൽ അതിമനോഹരിയായിത്തീർന്നിരുന്ന ആ തരുണി തന്റെ ദിവ്യമണവാളന്റെ ആഗമനത്തെ സസന്തോഷം പ്രതീക്ഷിച്ചിരുന്നു. അവിടെ സന്നിഹിതരായിരുന്ന കുബേരപ്രധാനികളും ന്യായവിദഗ്ദ്ധരുമായ ചില യുവാക്കന്മാർ അവൾ തങ്ങളിൽ ആരേ എങ്കിലും വിവാഹം ചെയ്യുന്നതായാൽ ജീവനെ രക്ഷിക്കാമെന്നുതന്നെയല്ല അവളെ അതിസൗഭാഗ്യവതിയാക്കിത്തീർക്കാമെന്നു പറകയുണ്ടായി. എന്നാൽ അഗ്നസിന്റെ വദനം ഈ തരുണത്തിൽ കോപത്താൽ അരുണവർണ്ണമായി പരിണമിക്കുകയാണുണ്ടായതു്. "ഇതേപ്പററി നിങ്ങൾ പറയേണ്ട. നിങ്ങൾ പറയുന്നതിൽ ആയിരം മടങ്ങ് ശോഭയുള്ള ആഭരണാദികൾ തരുന്നതിന് പ്രാപ്തനായ ഒരാൾ എന്നെ സ്നേഹിച്ചുകഴിഞ്ഞിരിക്കുന്നു. കുലീനത, മഹത്വം, പ്രതാപം മുതലായവയാൽ നിങ്ങളെക്കാൾ അത്യുൽകൃഷ്ടമായ സ്ഥാനത്തിൽ സ്ഥിതിചെയ്യുന്ന അദ്ദേഹത്തോട് വിശ്വാസത്താൽ ഞാൻ സംയോജിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ സ്നേഹമുദ്ര എന്റെ ഹൃദയത്തിൽ ദൃഢമായി പതിഞ്ഞിരിക്കുന്നു. എനിക്കുവേണ്ടി ഒരു മണിയറ അദ്ദേഹം ഇപ്പോൾ തയാറാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവും ഒരു കന്യകയായിരുന്നു. മാലാഖാമാർ അദ്ദേഹത്തെ ശുശ്രൂഷിക്കുന്നു. സൂര്യചന്ദ്രന്മാരും നക്ഷത്രജാലങ്ങളും അദ്ദേഹത്തെ സ്തുതിക്കുന്നു. അദ്ദേഹത്തിന്റെ ദിവ്യശക്തി മരിച്ചവരെ പുനർജ്ജീവിപ്പിക്കയും സ്പർശനം രോഗികളെ സുഖപ്പെടുത്തുകയും ചെയ്യുന്നു. എന്നെ മുഴുവനും ഞാൻ അദ്ദേഹത്തിനായി സമർപ്പിച്ചുകഴിഞ്ഞു. അദ്ദേഹത്തോടുകൂടി വസിക്കുന്നതിനുവേണ്ടി വേദസാക്ഷിയാകുന്നതിനാണ് ഞാൻ ആഗ്രഹിക്കുന്നതു്."

വീണ്ടും ശ്രോതാക്കൾ അത്ഭുതപരവശരായി ചമഞ്ഞു. മനുഷ്യദൃഷ്ടിക്ക് നിരാധാരയായ ഈ ചെറുബാലികയിൽ നിന്നും ഇപ്രകാരമുള്ള വാഗ്വിലാസം കേവലം അപ്രതീക്ഷിതമായിരുന്നു. ആസ്സ്യേഷ്യസ് അതിഭയങ്കരമായി ഗർജ്ജിച്ചു. എന്നാൽ ഭീഷണികളെല്ലാം വിഫലമായതേയുള്ളു. ഏതുതരത്തിലുള്ള മരണവും അഗ്നസിന് ആഹ്ലാദപ്രദമായിരുന്നു. മരണത്തിനവൾ വിധിക്കപ്പെട്ടു. ഖഡ്ഗനിപാതത്തെ അവൾ അത്യുത്സാഹത്തോടെ ആശിച്ചു. അവളുടെ അഭിലാഷപ്രാപ്തിയിൽ അവൾ സന്തുഷ്ടയായിത്തീർന്നു. കഠിനഹൃദയനായ ആസ്സ്യേഷ്യസിനാൽ നിയുക്തനായ ഒരു നിഷ്കണ്ടകൻ ക്രൂരഖഡ്ഗത്തോടുകൂടി അവളേ സമീപിച്ചു. ആ ധീരബാലിക സന്തോഷസമേതം അവളുടെ മനോഹരമായ ഗളതലത്തെ പിമ്പോട്ട് അല്പം ചായിച്ചു. നിഷ്ഠുരനായ ആ യമകിങ്കരൻ അഗ്നസിന്റെ ഇടതൂർന്നുവളർന്നിരുന്ന മനോജ്ഞ കേശഭാരത്തിൽ നിഷ്ഠുരണം പിടിച്ചുലച്ചുകൊണ്ട് വാളിനെ പരിപാവനമായ ആ മൃദുഗളത്തിൽ കുത്തിയിറക്കി. അതാ ആ കോമളവിഗ്രഹം ഹതമായി നിലംപതിക്കുന്നു. അഗ്നസ് അക്ഷയപ്രതാപത്തോടുകൂടി തന്റെ ദിവ്യമണവാളനെ പ്രാപിക്കുന്നു.

എന്നാൽ പരിപാവനഹൃദയത്തോടുകൂടിയ ആ ധീരബാലികയുടെ മന

സ്ഥൈര്യത്തിൻെറയും ദിവ്യസ്നേഹത്തിൻെറയും സ്മരണ ലോകാന്ത്യംവരെയുള്ള സകല മനുഷ്യഹൃദയങ്ങളേയും വിസ്മയിപ്പിക്കുകയും ആ ദിവ്യബാലികയുടെ ചരിത്രം അവരുടെ അശ്രുധാരകൾക്ക് ഹേതുവായിതീരുകയും ചെയ്യും. ക്രിസ്തീയകന്യാത്വത്തിൻെറ മഹത്വവും ദിവ്യദശ്യം മനസ്സിലാക്കാത്തവർ എത്രയോ അധികം!

### ൧൯൧൦ കുംഭമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

## കത്തോലിക്ക വിദ്യാലയങ്ങൾ.



എല്ലാ ജനങ്ങളേയും പഠിപ്പിക്കുന്നതിനുള്ള അധികാരം ദൈവപുത്രൻ തൻെറ തിരുസഭയ്ക്കു നൽകിയിട്ടുണ്ട്. മുറപ്രകാരമുള്ള അധികാരം ഒരാൾക്കു ലഭിച്ചുകഴിഞ്ഞാൽ അദ്ദേഹത്തെ അനുസരിക്കുന്നതിനുള്ള ചുമതലയും കീഴുള്ളവൎക്കെല്ലാം ഉണ്ടാകുന്നതാണല്ലൊ. ആകയാൽ പഠിപ്പിക്കുന്നതിനുള്ള ദൈവികാധികാരം സിദ്ധിച്ചിട്ടുള്ള കത്തോലിക്കാസഭയ്ക്കു തൻെറ ദിവ്യപഠനങ്ങളെ എവിടെയും പഠിപ്പിക്കുന്നതിനു അവകാശമുള്ളതുപോലെ തന്നെ സകലരും ആ പഠനങ്ങളെ കേൾപ്പാൻ ചുമതലയുള്ളവരുമാകുന്നു. എന്നാൽ ലൌകികമായിട്ടും വൈദികമായിട്ടുമുള്ള ശാസ്ത്രങ്ങൾ ലോകത്തിൽ പഠിക്കേണ്ടതായിട്ടുണ്ട്. ഇതിൽ ലൌകികം ദൈവികത്തിനു എപ്പോഴും കീഴ്പ്പെട്ടുനില്ക്കേണ്ടതാകയാൽ സഭയുടെ അദ്ധ്യയനാധികാരത്തെ തടയുന്നതിനു യാതൊരു ലൌകികാധികാരത്തിനും ഒരു തരത്തിലും അവകാശമുണ്ടാകാൻ പാടില്ല. നേരെമറിച്ചു സത്യവേദപഠനങ്ങളേയും കത്തോലിക്ക വിദ്യാലയങ്ങളേയും യഥാശക്തി സഹായിച്ചുകൊണ്ടുപോകേണ്ടതിനുള്ള കടമ എല്ലാ ഗവമ്മേൻറിനും ഒഴിച്ചുകൂടാത്തതായിട്ടുണ്ട്. എങ്കിലും നിർഭാഗ്യവശാൽ അനുഭവം നേരെമറിച്ചാണെന്നു പറയേണ്ടിയിരിക്കുന്നു. നിരീശ്വരന്മാരും മതനിഷ്ഠ്രക്ഷകന്മാരുമായ ഭരണാധികാരികൾ നിമിത്തം കത്തോലിക്ക വിദ്യാലയങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ചില്ലറയല്ല. ആകയാൽ ഇന്നു ലോകത്തിൽ ഇതു ഒരു പ്രധാന വാദവിഷയമായിട്ടാണ് തീർന്നിരിക്കുന്നതു്. എന്തെല്ലാം ഞെരുക്കങ്ങൾ സഹിച്ചാലും ഈ വിഷയത്തിൽ സഭയ്ക്കുള്ള അധികാരത്തെ പാലിപ്പാൻ കത്തോലിക്കർ സൎവ്വഥാ കടപ്പെട്ടവരാകുന്നു. തങ്ങളുടെ കുട്ടികളെ കത്തോലിക്കവിദ്യാലയങ്ങളിൽ തന്നെ അയച്ചു വിദ്യ അഭ്യസിപ്പിക്കുന്നതിനും, അതിലേക്കുവേണ്ടിവരുന്ന ഏതെല്ലാം കഷ്ടനഷ്ടങ്ങളേയും സഹിക്കുന്നതിനു സന്നദ്ധരായിരിക്കുന്നതിനും മതാദ്ധ്യക്ഷന്മാർ കത്തോലിക്കമാതാപിതാക്കന്മാരേ സദാ ഉൽബോധിപ്പിച്ചുവരുന്നു. അമേരിക്ക, ഇംഗ്ലണ്ടു്, ജൎമ്മനി മുതലായ സ്ഥലങ്ങളിൽ നിരന്തരമായ പോരാട്ടത്തിൻെറ ഫലമായി ഗണ്യമായ സ്വാതന്ത്ര്യം ഇക്കാൎയ്യത്തിൽ സിദ്ധിച്ചിട്ടുണ്ടു്. മേലിലും തുടൎന്നു പോരാടുന്നതിനു തന്നെ അവർ ഉറച്ചിരിക്കുന്നു. പൂൎണ്ണവിജയം സിദ്ധി

ക്കുന്നതിനാണ് നാം പ്രാർത്ഥിക്കേണ്ടതു്. നമ്മുടെ രാജ്യങ്ങളിൽ അത്രതന്നെ അസമത്വം നാം അനുഭവിക്കുന്നില്ല. എങ്കിലും കിട്ടിയിട്ടുള്ള സ്വാതന്ത്ര്യത്തെ പൂർണ്ണമായി നാം ഉപയോഗിക്കുന്നുണ്ടെന്നു ഇനിയും പറയാറായിട്ടില്ല. അകത്തോലിക്ക വിദ്യാലയങ്ങളിൽ തങ്ങളുടെ കുട്ടികളെ അയച്ചാലുള്ള നാശവും, കത്തോലിക്ക വിദ്യാലയങ്ങൾ തന്നെ സാക്ഷാൽ കത്തോലിക്കവിദ്യാലയങ്ങളായി നടത്താതിരുന്നാലുള്ള അനുഭവവും, നമുക്ക വേണ്ടവണ്ണം ബോധപ്പെട്ടിട്ടില്ലാത്തതുപോലെ തോന്നുന്നു. ആകയാൽ ഈവിധ ന്യൂനതകളെല്ലാം നീങ്ങി ക്രമപ്പെട്ടുവരുന്നതിനും ഈമാസത്തിൽ നാം പ്രത്യേകം പ്രാർത്ഥിക്കണം.

മാർച്ചുമാസം—തൊഴിലാളികളുടെമദ്ധ്യസ്ഥനായ വി. യൗസേപ്പ്.

# ക: നാഥയുടെ കുഞ്ഞുമക്കൾക്കു്.

## I. ബനീഞ്ഞാ കൊൺസൊലാത്താ.

### 2. ജനനവും ബാല്യകാലവും.

പ്രിയ കുഞ്ഞുങ്ങളെ!

ഇററലിരാജ്യത്തിന്റെ വടക്കു ട്യൂറിൻ എന്ന കീർത്തിപെട്ട നഗരത്തിൽ 1885 ആഗസ്ററുമാസം 6-ാംതീയതിയാണ് ബനീഞ്ഞാ ജനിച്ചതു്. മാതാപിതാക്കന്മാരായ സിഞ്ഞോർ സെബസ്ത്യാനോ ഫെറേരോ, സിഞ്ഞോറാ കരൊലീന പാസ്ന എന്നിവർ കുലീനരും ഭക്തരുമായ കത്തോലിക്കരായിരുന്നു. പിറന്നതിന്റെ പിറേറദിവസംതന്നെ ശിശുവിനെ ജ്ഞാനസ്നാനപ്പെടുത്തുകയും മരിയകൊൺസൊലിത്താ എന്ന നാമം കൊടുക്കുകയും ചെയ്തു. കൊൺസൊലാത്ത എന്ന വാക്കിന്റെ അർത്ഥം ആശ്വസിപ്പിക്കുന്നവൾ എന്നാണ്. അതേ, ഈശോയുടെ തിരുഹൃദയത്തെ ആശ്വസിപ്പിക്കുന്നതിലേക്കു തന്നെ നിർദ്ദേശിക്കപ്പെട്ടിരുന്ന ഒരു ശിശുവായിരുന്നു അവൾ.

ഭക്തയായ മാതാവു കുഞ്ഞിന്റെ വളർത്തലിൽ പാടുള്ള ശ്രദ്ധയെല്ലാം പതിച്ചു. വിശ്വസ്തരായ ഭൃത്യരുടെ പക്കലല്ലാതെശിശുവിനെഒരിക്കലും അവൾഏൽപിച്ചിരുന്നില്ല. അഞ്ചുവയസ്സു പ്രായമായപ്പോൾ കൊൺസൊലാത്തായേ അടുത്തുള്ള ഒരു പള്ളിക്കൂടത്തിലയച്ചു. താമസിയാതെതന്നെ അവളുടെ അനുജത്തിയായ ആഡെലയിൻ എന്ന കുട്ടിയും പള്ളിക്കൂടത്തിൽ പോകാറായി. കുഞ്ഞുസഹോദരിയുടെ വളർത്തൽ കാര്യത്തിൽ കൊൺസൊലാത്തായുടെ ശ്രദ്ധ മുഴവൻ പതിച്ചിരുന്നു. വിദ്യാലയത്തിലുണ്ടായിരുന്ന അദ്ധ്യാപികമാരുടെയും കുട്ടികളെല്ലാവരുടെയും അത്ഭുതത്തിനും സ്നേഹാദരങ്ങൾക്കും ഈ സഹോദരിമാരിരുവരും പാത്രീഭവിച്ചെന്നു ചുരുക്കിപറയാനേ നിവൃത്തിയുള്ളു. അസാമാന്യബുദ്ധിസാമർത്ഥ്യത്തോടുകൂടെ നിരന്തരമായ ശ്രമവും ചേർന്നപ്പോൾ കൊൺസൊലാത്താ സഹപാഠികളെയെല്ലാം ജയിച്ചിരുന്നു. ഒരിക്കൽ വത്സരാവസാനത്തിൽ ഏററം സമർത്ഥയായ കുട്ടിക്കു ഒരു വലിയ സമ്മാനം കൊടുക്കുന്നതാണെന്നു ഗുരുനാഥ വാഗ്ദാനം ചെയ്തു. എന്നാൽ പഠനത്തോടുകൂടെ ക്ലാസിൽ ഏററം മൌനം അനുഷ്ഠിക്കുന്ന കുട്ടിക്കേ ഇതു ലഭിക്കയുള്ളുവെന്നും പറഞ്ഞിരുന്നു. എങ്ങിനെയായാലും ആ സമ്മാനം കൈക്കലാക്കണമെന്നുതന്നെ കൊൺസൊലാത്താ തിരുമാനിച്ചു. ആണ്ടവസാനത്തിൽ സമ്മാനത്തിനു അവൾതന്നെ അർഹയായിത്തീരുകയുംചെയ്തു. "എന്തുമാത്രം ബലം എന്നോടുതന്നെ പ്രയോഗിക്കേണ്ടിവന്നുവെന്നു എനിക്കേ

അറിയാവൂ. സംസാരത്തെ തടഞ്ഞുനിറുത്താൻവേണ്ടി പലപ്പോഴും ഞാൻ നാവിൽ കടിച്ചിരുന്നു" എന്നു പിൽക്കാലങ്ങളിൽ കൊൺസൊലാത്താ ഇതേപ്പററി പ്രസ്താവിക്കയുണ്ടായിട്ടുണ്ട്.

പ്രി. കുഞ്ഞുങ്ങളെ, നോക്കുക, തങ്ങളോടുതന്നെ ബലം ചെയ്യണം. ചെറിയ കാര്യങ്ങളിലും വലിയകാര്യങ്ങളിലും ഇതു തഴങ്ങണം. പുണ്യത്തിൽ വളരുവാനോ, മററെന്തെങ്കിലും വലിയ കാര്യം സാധിപ്പാനോ ഇതുകൂടാതെ ആക്കും സാധിക്കയില്ല.

## II. ഈ മാസത്തെ മദ്ധ്യസ്ഥൻ.– വി. അന്ത്രയോസ് കൊർസീനി.

(തിരുനാൾ ഫെബ്രുവരി 4–ാംനു- ചൊവ്വാഴ്ച.)

ഇററലിയിൽ ഫ്ലോറൻസിലെ ഒരു കീർത്തിപ്പെട്ട പ്രഭുകുടുംബത്തിലെ അംഗമായിരുന്ന ഈ ദേഹം ചെറുപ്പത്തിൽ തന്നിഷ്ടമായി വളൎന്നുവന്നതിൻെറശേഷം ദൈവജനനിയുടെ പ്രത്യേക സഹായത്താൽ മനസ്സുതിരിയുകയും കർമ്മലീത്താസഭയിൽ പ്രവേശിച്ചു മഹാ തപസ്സും പ്രായശ്ചിത്തവും അനുഷ്ഠിച്ചു ഉന്നത പുണ്യപദവിയിൽഎത്തുകയുമാണുണ്ടായത്. ഒടുവിൽ മെത്രാനായി പുണ്യകീർത്തിയോടെ മരണംപ്രാപിക്കയുംചെയ്തു. കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു പലക്കും പ്രത്യേക മാതൃകയായിത്തീരത്തക്ക ഈ വിശുദ്ധ മദ്ധ്യസ്ഥനോടു ഈമാസം മുഴുവൻ വിശേഷവിധമായി പ്രാർത്ഥിക്കണം.വി.അന്ത്രയോസേ! പാപത്താൽ ദൈവത്തെ ഉപദ്രവിക്കുന്നതിനെക്കാൾമരിക്കുന്നതിനു ഞങ്ങൾക്കു മനോഗുണം തരുവിക്കണമേ.




പള്ളുരുത്തി കെ. സി. സി. ഏ. ബാലികാ ബാലസംഘങ്ങൾ.

## III. കെ. സി. സി. ഏ. ഡയറി.

ഉണ്ണിയുടെ മുടി തീർത്ത വകയുള്ള സമ്മാനങ്ങൾവരിക്കപ്പള്ളിൽ ജോസഫ് മാന്നാനം, പീച്ചാനിക്കാട്ടു കുര്യാക്കൊ കുമ്പളം, ബ്രിജീത്താ കളർകൊട്ടിയേൽ കുറവിലങ്ങാട്, ഏലിയാമ്മ ചെമ്പരുത്തിയ്ക്കൽ തൊടുപുഴ എന്നിവക്കു ലഭിച്ചിരിക്കുന്നു. നിത്യസമ്മാനങ്ങൾ ഉണ്ണിമിശിഹാതന്നെ എല്ലാവക്കും നൽകട്ടെ!.

ഫെബ്രുവരിമാസത്തേയ്ക്കുള്ള മത്സരവിഷയം പുസ്തകംപിടിച്ചു കുർബാന കാണുന്നതുതന്നെയായിരിക്കട്ടെ. കുർബാന കാണാൻ പോകയാണോ? ഒരു പുസ്തകവും കയ്യിലുണ്ടായിരിക്കുന്നതിനു തഴങ്ങണം. ഈ മാസം മുഴുവൻ തഴങ്ങി പേരയക്കുക. സ്ഥലച്ചുരുക്കത്താൽ നിറുത്തുന്നു.

എന്നു നിങ്ങളുടെ സ്വ: കൊച്ചച്ചൻ.

## 1. കുടുംബദീപം.

തേവര — എർണാകുളം.

വരിസംഖ്യ ആണ്ടിൽ 1 രൂ.

തേവര കർമ്മലീത്താ അശ്രമത്തോട ചേൎന്നുള്ള ചെറുപുഷ്പ വ്യവസായശാല പ്രസ്സിൽനിന്നും പ്രസിദ്ധീകരിച്ചുതുടങ്ങിയിട്ടുള്ള ഈ മാന്യസഹജിവികളെ ഞങ്ങൾ ഹാർദ്ദമായി സ്വാഗതം ആശംസിച്ചുകൊള്ളുന്നു. വേഷംകൊണ്ടും വിഷയവൈശിഷ്ട്യംകൊണ്ടും കേരളീയകത്തോലിക്ക കുടുംബങ്ങൾക്ക ആദ്ധ്യാത്മികമായ സാക്ഷാലൊരു ദീപമായി ഈ മാസികാഗ്രന്ഥം പരിലസിക്കുമെന്നുള്ളതിലേക്ക പ്രഥമലക്കംതന്നെ ഉത്തമസാക്ഷ്യം വഹിക്കുന്നതാണ്. എർണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ആശീൎവ്വാദലേഖനം, ക. നി. മൂ. സ. പ്രിയോർ ജനറാളച്ചൻ അവർകളുടെ അനുമതിപത്രം അദിയായി പല നല്ല ലേഖനങ്ങളും ചില ചിത്രങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ട്. ഡെമി ഒക്റ്റാവോ 24 പക്ഷങ്ങളുള്ള ഈ മാസികക്കു ആണ്ടിൽ ഒരുരൂപാ മാത്രമെ വരിസംഖ്യ നിശ്ചയിച്ചിട്ടുള്ളു.

## 2. ലേഖനമാലിക.

കൊൺവേഷ്യൻ ലീഗ പുത്തൻപള്ളി വരാപ്പുഴ, വില 3 അണ.

റവ. ഫാദർ സക്കറിയാസ് പൂവത്തുങ്കൽ അവർകൾ തന്റെ നവപൂജസ്മാരകമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ പുസ്തകത്തിൽ അദ്ദേഹം പലപ്പോഴായി ഓരോ മാസികകളിലും മററും എഴുതിയിട്ടുള്ള പതിനഞ്ചു ലേഖനതല്ലജങ്ങളാണ് അടങ്ങിയിരിക്കുന്നതു്. റവ. സക്കറിയാസ് അവർകളെയോ അദ്ദേഹത്തിന്റെ ഭാഷാരീതിയെ കുസുമവായനക്കാർക്കു പരിചയപ്പെടുത്തേണ്ടതില്ല. ശ്രീമാൻ ജോസഫ് നടുവത്തുശേരി ബി.എ.ബി.എൽ.അവർകൾ തന്റെ പ്രൌഢമായ പ്രസ്താവനയിൽ ചെയ്തിരിക്കുന്ന ആശംസയെ ഞങ്ങളും ആവൎത്തിച്ചുകൊള്ളുന്നു. "നമ്മുടെ സമുദായത്തിനും കൈരളിക്കും ഒരലങ്കാരമായി പരിലസിക്കുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്ന ഈ യുവവൈദികനെ ഞാൻ ഇപ്പോൾ തന്നെ സൎവ്വാത്മനാ അഭിനന്ദിച്ചുകൊള്ളട്ടെ. സെമ്മിനാരി വിട്ടാലും ഈ വക ശ്രമങ്ങളിൽനിന്നു പിൻവലിയരുതെന്നുമാത്രമേ ഞാൻ അദ്ദേഹത്തോടു അപേക്ഷിക്കുന്നുള്ളു."

---

# വർത്തമാന സംഗ്രഹം.

പരിശുദ്ധ പിതാവുതന്റെ ജൂബിലി പ്രമാണിച്ച് ഡിസമ്പർ 20-ാം നു- വെള്ളിയാഴ്ച ജോൺലാത്തെരാൻ ബസിലിക്കായിൽ എഴുന്നെള്ളി ദിവ്യ പൂജ അൎപ്പിക്കയുണ്ടായി.

1870 സെപ്ററമ്പർ 19-ാംനു- ഒമ്പതാം പീയൂസു മാർപ്പാപ്പാ ലാത്തെരാനിൽ അവസാനമായിപ്രവേശിച്ചതിന്റെ ശേഷം ഇപ്പോൾ ആദ്യമായിട്ടാണ് ഒരു മാർപ്പാപ്പാ അവിടം സന്ദൎശിച്ചതു്.

വത്തിക്കാൻ സംസ്ഥാനത്തിനുപുറത്തു സ്ഥിതിചെയ്യുന്ന പ്രസ്തുത ബസ്സിലിക്കയിലേക്കുള്ള മാർപ്പാപ്പായുടെ ഈ ഒന്നാമത്തെ ആഗമനം വളരെ രഹസ്യമായ നിലയിൽ മാത്രമായിരുന്നു. രാവിലെ ആറരമണിക്ക തിരുമേനി അരമനയിൽനിന്നു കാറിൽ പുറപ്പെട്ടതുവരെ വത്തിക്കാനിൽ തന്നെ അധികമാരും ഈ വിവരം അറിഞ്ഞിരുന്നില്ല.

ദിവ്യപൂജയും കഴിഞ്ഞ് ഒമ്പതര മണിയോടെ തിരികെ എഴുന്നള്ളിയപ്പോൾ മാത്രമേഈവിവരംറോമാനഗരത്തിൽ പരസ്യമായൊള്ളു. അപ്പോഴേയ്ക്കും ആളുകൾ ഓടിക്കൂടുകയുംതിരുമേനി കാർനിറുത്തിഎ

ല്ലാവരേയും സ്നേഹപൂവ്വം അശിവ്വദിക്കുക യും ചെയ്തു.

തൻെറ അദ്യപൂജയുടെ ദിവസമായ ഡിസമ്പർ 21–ാം നു- ശനിയാഴ്ച പരിശുദ്ധപിതാവു വത്തിക്കാൻ ബസ്സിലിക്കയിൽ പത്രോസ് പൗലോസു ശ്ലീഹന്മാരുടെ കവറിടത്തുങ്കൽ ദിവ്യ പൂജ അപ്പിച്ചു.

അമ്പതു കർദ്ദിനാളന്മാരും അനവധിമെത്രാപ്പോലീത്താമാരും മെത്രാന്മാരും മുപ്പത്തിനാലുരാജ്യങ്ങളിൽനിന്നുള്ളവത്തിക്കാൻ പ്രതിനിധികളും അറുപതിനായിരത്തോളം ജനങ്ങളും അതിൽ സംബന്ധിച്ചിരുന്നു. ഇത്രവലിയ അഹ്ളാദ പ്രകടനം വത്തിക്കാനിൽ അടുത്തകാലത്തെങ്ങും നടന്നിട്ടില്ലെന്നു പറയപ്പെടുന്നു.

ഡിസംബർ 15–ാംനു- 136 ഇംഗ്ലീഷ് രക്തസാക്ഷികളെ വാഴ്ത്തപ്പെട്ടവരെന്നു നാമകരണം ചെയ്തു സംബന്ധിച്ചു വി. പത്രോസിൻെറ ദേവാലയത്തിലുണ്ടായ ആഘോഷവും അഭൂതപൂവ്വമായ ഒന്നായിരുന്നു.

ഇത്രയേറെ വേദസാക്ഷികളെ ഒന്നിച്ചു പേരുവിളിക്കുന്ന ഒരു ചടങ്ങ് ഇതിനു മുമ്പുണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. ഈ രക്തസാക്ഷികളിൽ 63 പേർ ഇടവകപ്പട്ടക്കാരും, 21 ഈശോസഭക്കാരും, എട്ടു ബനദിക്തോസുസഭക്കാരും, മൂന്നു ഫ്രംസീസ്ക്കാസുസഭക്കരും, 41 അൽമേനികളും ഉൾപ്പെട്ടിട്ടുണ്ടെന്നു കാണുന്നു.

ഇംഗ്ലണ്ടിൽനിന്നു കാർഡിനൽ ബോൺ തിരുമനസ്സുകൊണ്ടും, ഒട്ടേറമെത്രാന്മാരും, രക്തസാക്ഷികളുടെ സംബന്ധികളായ നോഫോക്കു പ്രഭു, ഫിററ്സ് അലൻപ്രഭുതുടങ്ങി അനവധി തീത്ഥയാത്രക്കാരും വത്തിക്കാനിൽ സന്നിഹിതരായിരുന്നു.

വേദസാക്ഷികളുടെ സംബന്ധികൾക്കു ദേവാലയത്തിൽ പ്രത്യേകസ്ഥാനം അനുവദിച്ചിരുന്നു. പരിശുദ്ധ പിതാവിനും സന്യാസസഭാദ്ധ്യക്ഷന്മാക്കുമുള്ള കുസുമമഞ്ജരികൾ സമപ്പിച്ചതു നോഫക്കു പ്രഭു അവർളാണ്.

തിരുസിംഹാസനാദരവിനു വേണ്ടി ജീവൻ വെടിഞ്ഞ ഈ രക്തസാക്ഷികൾ പ്രത്യേക വിധത്തിൽ പാപ്പായുടെ രക്തസാക്ഷികളായിരിക്കുന്നു എന്നു പരി: പിതാവു ഈ അവസരത്തിൽ പ്രസ്താവിക്കയുണ്ടായി.

ഇംഗ്ലണ്ടിൽ പല സ്ഥലങ്ങളിലും പ്രത്യേകിച്ചു ഈ വിശുദ്ധന്മാർ രക്തസാക്ഷിമകുടം പ്രാപിച്ചസ്ഥലത്തും ഈ ദിവസം അസാധാരണ ആഘോഷങ്ങൾ നടത്തപ്പെടുകയുണ്ടായി.

ഡിസംബർ 16–ാംനു- കൂടിയ കൊൺസിസ്റ്റോറിസംഘത്തിൽവച്ചു പരി. പി. തിരുമനസ്സുകൊണ്ടു ആറു പുതിയ കർദ്ദിനാളന്മാരെ തിരഞ്ഞെടുത്തിരിക്കുന്നു. അവരുടെ പേരുകൾ താഴെപ്പറയുന്നു.

അയർലണ്ടിൻെറ പ്രൈമററായ മൊൺസിഞ്ഞോർജോസഫ് മക്ക്റോയി, വയസ്സു 69, ലിസബൺ പാത്രിയക്കീസായ മൊൺസിഞ്ഞോർ എമ്മാനുവേൽ സെറെ ജെയിരാ, വയസ്സു 50, പലേർമോ മെത്രാപ്പോലിത്തായായ മൊ. ലൂയീജിലവിത്രാനോ, വയസ്സു 56. പാരീസിലെ മെത്രാപ്പോലീത്തായായ മൊ. ഫ്രങ്കോയി ദെവെർഡിയെ, ജെനോവാ മെത്രാപ്പോലീത്താ മൊ. മിനൊരേത്തി, വയസ്സു 69. മൊ. പച്ചേല്ലി, വയസ്സു 54.

ഈ പുതിയ കർദിനാളന്മാരുൾപ്പെടെ ഇപ്പോൾ ആകെ 63 കർദിനാളന്മാരാണുള്ളത്. അതിൽ 30 ഇത്താല്യക്കാരും, 33 വിദേശിയരുമാണെന്നുകാണുന്നു.

ഗോവാ പാത്രിയക്കീസായി നിയമിക്കപ്പെട്ട മൊ. തെയൊത്തോനീയൂസ് ദെകാസ്ത്രോ തിരുമേനിയേ പോർട്ടുഗലിലെ ഒപ്പോർട്ടോ രൂപതയുടെ മെത്രാനായി നിയമിക്കുന്നതിനും കർദിനാൾ സ്ഥാനത്തേക്കുയത്തുന്നതിനും ആലോചനയുള്ളതായറിയുന്നു. ഒപ്പോർട്ടോ മെത്രാനേ ഗോവാ പാത്രയക്കീസായും നിയമിക്കുമെന്നാണറിയുന്നത്.

## മനോഗുണ വിവരങ്ങൾ.

☞ ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേറടച്ചു അപേക്ഷിക്കണം.

മാർ യൗസേപ്പുപിതാവിൻെറയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ സ്കൂൾ ഫൈനൽ പരീക്ഷ ജയിച്ചതിനു ഉപകാരസ്മരണ.

സി. പി. ചേന്ദങ്കരി.

കുയ്യാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻെറ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു.

എസ്. സി. മുത്തോലപുരം.

വി. കൊച്ചുത്രേസ്യായുടെയും വി. അന്തോനീസിൻെറയും മാർ തോമ്മാമെത്രാനച്ചൻെറയും സഹായത്താൽ ഒരു കാര്യം സാധിച്ചതിനു കുസുമംവഴി ഉപകാരസ്മരണ ചെയ്യുന്നു.

എം. എം. മാത്യു രാമപുരം.

എൻെറ മകളുടെ പ്രസവം ഞാൻ അപേക്ഷിച്ചപ്രകാരം യാതൊരു തടസ്സവുംകൂടാതെ നടന്നതിന് ആനിക്കാട്ടു വ്യാകുലമാതാവിനും ഗീവറുഗീസ് സഹദായ്ക്കും കയ്യൂരി സെബസ്ത്യാനോസു സഹദായിക്കും ഉപകാരസ്മരണ ചെയ്യുന്നു.

വി. ററി. പീലിപ്പോസ് ആനിക്കാട്ട്

ഈശോ മറിയം യൌസേപ്പിൻെറയും കാലംചെയ്ത കുയ്യാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചൻെറയുംസഹായത്താൽ എൻെറ സുഖക്കേടു നീങ്ങിയതിനും ഉദ്ദിഷ്ടകാര്യം സാധിച്ചതിനും കുസുമം വഴി ഉപകാരസ്മരണ ചെയ്യുന്നു.

എസ്. എം. എസ്. കടനാട്ടു.

അന്യായമായി കൊടുത്തിരുന്ന ഒരു ഛിട്ടിക്കേസിലും അതിൻെറ അപ്പീലിലും വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ അനുകൂലമായ വിധിയുണ്ടായതിനു ഉപകാരസ്മരണ.

വി. ഏ. കെ. അന്തിനാട്ടു.

വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ ആവശ്യപ്പെട്ട ഒരു സംഗതി അനുകൂലമായിത്തീന്നതിനു്.

വി. സി. ബോംബേ.

മാർ യൌസേപ്പു പിതാവിൻെറ സഹായത്താൽ അസാദ്ധ്യമായ ഒരു കാര്യം ഉദ്ദേശിച്ചപോലെ സാധിച്ചതിനു ഉപകാരസ്മരണ.

എ. സി. തുരുത്തിപ്പള്ളിവപേത്തർ.

വളരെനാളായി ആഗ്രഹിച്ചിരുന്ന ഒരു കാര്യം വി. റീത്താപുണ്യവതിയുടെ സഹായത്താൽ സാധിച്ചുകിട്ടിയതിനു ഉപകാരസ്മരണ.

ജെ. പി. തിരുവനന്തപുരം.

## ചരമവാത്തകൾ.

കത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാത്ഥിപ്പാറാകണം.

പുളിക്കൽ ബ. കുര്യാക്കോസു ശമ്മാശൻെറയും തുരുത്തി ആരാധനമഠത്തിലെ സിസ്റ്റർ മേരി ഗ്രിഗോരിയാമ്മയുടെയും മാതാവായ ശ്രീമതി മറിയാമ്മ ഡിസംബർ 28–ാംനു- 75 വയസ്സ്.

ചമ്പക്കുളം ഇടവക അറയ്ക്കൽ കടവിൽ നിക്കോലാവോസ് അവർകളുടെ ഭാര്യ ശ്രീമതി അന്നാമ്മ ജനുവരി 3-ാംനു- 35 വയസ്സു.

തത്തമ്പള്ളി ഇടവക പുതുപ്പറമ്പിൽ അന്ത്രയോസു അവർകളുടെ ഭാര്യ ശ്രീമതി ഏലിയാമ്മ ജനുവരി 5–ാംനു- 27 വയസ്സു.

പുളിങ്കുന്നു പള്ളിയിടവക കൊച്ചുപാലത്തുങ്കൽ മാത്തു തൊമ്മൻ അവർകൾ ജനുവരി 8-ാംനു- 74 വയസ്സു.

കാഞ്ഞിരപ്പള്ളിയിടവക പുതുപ്പറമ്പിൽ ബ. അബ്രാഹമച്ചൻ അവർകളുടെ മാതാവു ശ്രീമതി മറിയാമ്മ ജനുവരി 19-ാംനു- 53 വയസ്സ്.

Printed and Published for the Proprietor by P. K. Joseph at
St. Joseph's Press, Mannanam 1930.